2025 MAY
16
FRIDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper







# തുർക്കി കമ്പനിയുടെ സുരക്ഷാ അനുമതി റദ്ദാക്കി ഇന്ത്യൻ വ്യോമയാന മന്ത്രാലയം

**ന്യൂഡൽഹി:** ഇന്ത്യ പാക്ക് സംഘർഷത്തിനു പിന്നാലെ തുർക്കി ആസ്ഥാനമായി പ്രവർത്തിക്കുന്ന കമ്പനിക്ക് സുരക്ഷാ അനുമതി നിഷേധിച്ച് ഇന്ത്യ. വ്യോമയാന മന്ത്രാലയമാണ് ടർക്കിഷ് കമ്പനിയായ 'സെലെബി ഗ്രൗണ്ട് ഹാൻഡ്‌ലിംഗ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡി'ന്റെ സുരക്ഷാ അനുമതി റദ്ദാക്കിയിരിക്കുന്നത്. ദേശസുരക്ഷയുടെ ഭാഗമായാണ് സുരക്ഷാ അനുമതി റദ്ദാക്കിയതെന്നും ഉത്തരവിൽ പറയുന്നു. ഓപ്പറേഷൻ സിന്ദൂറിനു ശേഷം ഒരു തുർക്കി കമ്പനിക്കെതിരെ ഇന്ത്യ നടത്തുന്ന ആദ്യ പരസ്യ നീക്കമാണിത്.

ഇന്ത്യയിലെ ഒമ്പത് പ്രധാന വിമാനത്താവളങ്ങളിലെ സേവനങ്ങളിൽ ഭൂരിഭാഗവും കൈകാര്യം ചെയ്യുന്ന കമ്പനിയാണ് സെലെബി ഗ്രൗണ്ട് ഹാൻഡ്‌ലിംഗ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്. ഓപ്പറേഷൻ സിന്ദൂറിലൂടെ പാക്കിസ്ഥാന് ഇന്ത്യ തിരിച്ചടി നൽകിയതിനെ എതിർത്ത അപൂർവ രാജ്യങ്ങളിലൊന്നായിരുന്നു തുർക്കി. ഇന്ത്യ നടത്തിയ ആക്രമണത്തിനിടെ പാക്കിസ്ഥാനെ തുർക്കി പിന്തുണയ്ക്കുകയും ചെയ്തിരുന്നു. മേയ് 8ന് രാത്രി ഇന്ത്യയ്ക്കു നേരെ പാക്കിസ്ഥാൻ പ്രയോഗിച്ച ഡ്രോണുകളിൽ ഭൂരിഭാഗവും തുർക്കി നിർമിതമാണെന്നു കണ്ടെത്തിയിരുന്നു. ഓപ്പറേഷൻ സിന്ദൂർ ആരംഭിക്കുന്നതിനു മുൻപ് തുർക്കിയുടെ യുദ്ധക്കപ്പൽ കറാച്ചിയിൽ എത്തിയിരുന്നതായും റിപ്പോർട്ടുകളുണ്ടായിരുന്നു. പിന്നാലെ തുർക്കി വ്യോമസേനയുടെ സി130 വിമാനവും കറാച്ചിയിൽ ഇറങ്ങി. പാക്കിസ്ഥാന് തുർക്കി നൽകുന്ന പിന്തുണയ്ക്ക്




എതിരെ വൻ പ്രതിഷേധമാണ് ഇന്ത്യയിൽ ഉയരുന്നത്. തുർക്കിയുടെ ഉൽപ്പന്നങ്ങൾ ഉൾപ്പെടെ ബഹിഷ്കരിക്കണമെന്ന് സമൂഹമാധ്യമങ്ങളിൽ ആവശ്യം ഉയരുന്നുണ്ട്. ഇന്ത്യൻ വിനോദസഞ്ചാരികൾ തുർക്കി യാത്രകൾ റദ്ദാക്കുന്നതിന്റെ ചിത്രങ്ങളും സമൂഹമാധ്യമങ്ങളിൽ വൈറലാകുന്നുണ്ട്. അതിനിടെ ജെഎൻയു ഉൾപ്പെടെ ഇന്ത്യയിലെ നിരവധി സർവകലാശാലകൾ തുർക്കിയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായുള്ള പരിപാടികളും റദ്ദാക്കി. പല യാത്രാ വെബ്സൈറ്റുകളും തുർക്കി ടൂറിസം പരിപാടികൾ റദ്ദാക്കി. തുർക്കിയുമായുള്ള എല്ലാ വ്യാപാര കരാറുകളും അവസാനിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതായി കോൺഫെഡറേഷൻ ഓഫ് ഓൾ ഇന്ത്യ ട്രേഡേഴ്സ് അറിയിച്ചു.

തുർക്കിയുടെയും അസർബൈജാന്റെയും സമ്പൂർണ്ണ വ്യാപാര ബഹിഷ്കരണത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി സിഎഐടി നാളെ ന്യൂഡൽഹിയിൽ യോഗം ചേരുന്നുണ്ട്. സെലിബി ഏവിയേഷൻസിന് കീഴിൽ രണ്ട് സ്ഥാപനങ്ങളാണ് ഇന്ത്യയിൽ പ്രവർത്തിക്കുന്നത്. ഗ്രൗണ്ട് ഹാൻഡ്‌ലിങ് പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യാൻ സെലിബി എയർപോർട്ട് സർവീസസ് ഇന്ത്യയും ഡൽഹി രാജ്യാന്തര വിമാനത്താവളത്തിലെ കാർഗോ സേവനങ്ങൾക്ക് മേൽനോട്ടം വഹിക്കാൻ സെലിബി ഡൽഹി കാർഗോ ടെർമിനൽ മാനേജ്മെന്റ് ഇന്ത്യയും. സുരക്ഷാ അനുമതി റദ്ദാക്കിയതോടെ ഈ രണ്ട് കമ്പനികളുടെയും ഇന്ത്യയിലെ പ്രവർത്തനം തടസപ്പെടും.

# പാക് ആണവായുധ ശേഖരം അന്താരാഷ്ട്ര ആണവോർജ്ജ ഏജൻസിയുടെ കീഴിലാക്കണമെന്ന് രാജ്നാഥ് സിങ്

**ന്യൂഡൽഹി:** പാക്കിസ്ഥാൻറെ ആണവായുധ ശേഖരം അന്താരാഷ്ട്ര ആണവോർജ്ജ ഏജൻസിയുടെ (ഐഎഇഎ) മേൽനോട്ടത്തിനു കീഴിൽ കൊണ്ടുവരണമെന്ന് പ്രതിരോധമന്ത്രി രാജ്നാഥ് സിങ് പറഞ്ഞു. ആഗോള ആണവ നിരീക്ഷണ ഏജൻസിയാണ് വിയന്ന ആസ്ഥാനമായി പ്രവർത്തിക്കുന്ന ഐഎഇഎ.

ഉത്തരവാദിത്തമില്ലാത്തതും, തെമ്മാടിയുമായ പാക്കിസ്ഥാനെ പോലുള്ള ഒരു രാജ്യത്തിൻറെ കൈകളിൽ ആണവായുധങ്ങൾ സുരക്ഷിതമാണോ എന്ന ചോദ്യമാണ് തനിക്ക് ലോകരാജ്യങ്ങളോട് ചോദിക്കാനുള്ളതെന്ന് രാജ്നാഥ് സിങ് പറഞ്ഞു. പാക്കിസ്ഥാൻറെ ആണവായുധങ്ങൾക്കു ഐഎഇഎയുടെ മേൽനോട്ടം വേണമെന്നും അദ്ദേഹം പറഞ്ഞു.

ജമ്മു കശ്മീരിലെ ബദാമി ബാഗ് കന്റോൺമെൻറിൽ സൈനിക ഉദ്യോഗസ്ഥരെ അഭിസംബോധന ചെയ്യുകയായിരുന്നു മന്ത്രി.

നിയന്ത്രണ രേഖയിലും (എൽഒസി) അന്താരാഷ്ട്ര അതിർത്തിയിലും മൊത്തത്തിലുള്ള സുരക്ഷാ സ്ഥിതിഗതികൾ വിലയിരുത്തുന്നതിനായാണ് രാജ്നാഥ് സിങ് ജമ്മു കശ്മീരിൽ നിർണായക സന്ദർശനം ആരംഭിച്ചത്. ഓപ്പറേഷൻ സിന്ദൂരിനു ശേഷം ജമ്മു കശ്മീരിലേക്കുള്ള അദ്ദേഹത്തിൻറെ ആദ്യ യാത്രയാണിത്.

ഇന്ത്യ ഒരിക്കലും യുദ്ധം ആഗ്രഹിക്കുകയോ സന്നദ്ധത പ്രകടിപ്പിക്കുകയോ ചെയ്തില്ല. എന്നാൽ നമ്മുടെ പരമാധികാരം ആക്രമിക്കപ്പെടുമ്പോൾ ഞങ്ങൾ പ്രതികരിക്കും. തീവ്രവാദത്തിനെതിരേ ഇന്ത്യ സ്വീകരിച്ച ഏറ്റവും വലിയ നടപടിയാണ് ഓപ്പറേഷൻ സിന്ദൂർ എന്നും മന്ത്രി പറഞ്ഞു.

നിലവിലുള്ള സുരക്ഷാ സാഹചര്യത്തിൻറെ വിവിധ വശങ്ങളെക്കുറിച്ച് ഉന്നത സൈനിക ഉദ്യോഗസ്ഥർ പ്രതിരോധ മന്ത്രിക്കു വിശദീകരിച്ചു കൊടുത്തു.

പാക്കിസ്ഥാനിൽ ആണവ വികിരണ ചോർച്ച ഉണ്ടായിട്ടില്ലെന്ന് അന്താരാഷ്ട്ര ആണവോർജ്ജ ഏജൻസിയുടെ (ഐഎഇഎ)അറിയിച്ചു.

ഓപ്പറേഷൻ സിന്ദൂറിൻറെ ഭാഗമായി ഇന്ത്യ പാക്കിസ്ഥാനിൽ നടത്തിയ ആക്രമണത്തിൽ സർഗോദ ജില്ലയിലുള്ള കിരാന ഹിൽസിലെ ആണവ കേന്ദ്രം തകർന്നുവെന്നും ആണവ വികിരണ ചോർച്ച ഉണ്ടായെന്നുമുള്ള ഊഹാപോഹങ്ങൾ പ്രചരിക്കുന്ന സാഹചര്യത്തിലാണു വിശദീകരണവുമായി ഐഎഇഎ രംഗത്തുവന്നത്.

നേരത്തേ ഇന്ത്യൻ വിദേശകാര്യ മന്ത്രാലയവും ആണവ വികിരണ ചോർച്ച സംബന്ധിച്ച റിപ്പോർട്ടുകൾ തള്ളിയിരുന്നു.

# സിമൻറ് കമ്പനികൾക്ക് ലാഭക്കൊയ്ത്ത്

**കൊച്ചി:** രാജ്യത്തെ അടിസ്ഥാന സൗകര്യ മേഖലയിലെ ഉണർവിൻറെ കരുത്തിൽ സിമൻറ് കമ്പനികളുടെ ലാഭം കുത്തനെ കൂടുന്നു. കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ അവസാന ത്രൈമാസക്കാലയളവിൽ ഇന്ത്യൻ സിമൻറ് കമ്പനികളുടെ ലാഭത്തിൽ ഗണ്യമായ വർധനയുണ്ടായി.

രാജ്യത്തെ ഏറ്റവും വലിയ സിമൻറ് കമ്പനിയായ അൾട്രാടെക്കിൻറെ അറ്റാദായം 10% ഉയർന്ന് 2,482 കോടി രൂപയിലെത്തി. ഡിസംബർ പാദത്തിലേക്കാൾ അറ്റാദായത്തിൽ 83% വർധനയുണ്ടായി. മൊത്തം വരുമാനം 13% വർധിച്ച് 23,063.32 കോടി രൂപയായി. ഗൗതം അദാനിയുടെ ഉടമസ്ഥതയിലുള്ള അംബുജ സിമൻറ്സിൻറെ അറ്റാദായം ഇക്കാലയളവിൽ 74.51% വർധനയോടെ 928.88 കോടി രൂപയിലെത്തി.

അടിസ്ഥാന സൗകര്യ വികസന മേഖലയിലെ കുതിപ്പാണ് ഇന്ത്യൻ സിമൻറ് കമ്പനികൾക്ക് മികച്ച നേട്ടം നൽകുന്നത്. വിപണിയുടെ നിയന്ത്രണം പൂർണമായും വൻകിട കോർപ്പറേറ്റുകളുടെ കൈയിലേക്ക് നീങ്ങിയതോടെ ചെറുകിട കമ്പനികൾ പലതും പൂട്ടലിൻറെ വക്കിലാണ്. അദാനി ഗ്രൂപ്പും ആദിത്യ ബിർള ഗ്രൂപ്പുമാണ് വിപണി വിഹിതം തുടർച്ചയായി വർധിപ്പിക്കുന്നത്. ഏറ്റെടുക്കലുകളിലൂടെയും ലയനങ്ങളിലൂടെയുമാണ് ഇരു കമ്പനികളും വിപണിയിൽ മേധാവിത്വം നേടുന്നത്.

ഇന്ത്യയൊട്ടാകെ തുറമുഖങ്ങളുടെയും വിമാനത്താവളങ്ങളുടെയും ദേശീയ പാതകളുടെയും പാലങ്ങളുടെയും നിർമാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നതാണ് സിമൻറ് കമ്പനികൾക്ക് ലോട്ടറിയാകുന്നത്. അൾട്രാടെക് സിമൻറും അംബുജ സിമൻറും ഡാൽമിയും പോലുള്ള വമ്പൻ കമ്പനികൾ വിപണി അതിവേഗത്തിൽ വികസിപ്പിച്ചതോടെ ചെറുകിട സ്ഥാപനങ്ങൾ പൂട്ടലിൻറെ വക്കിലാണ്. ഭവന മേഖലയിലെ തളർച്ചയെ മറികടക്കുന്ന വിധമാണ് പശ്ചാത്തല വികസന രംഗത്ത് സിമൻറ് ഉപയോഗം ഉയരുന്നതെന്നും കമ്പനികൾ പറയുന്നു.

ഉപയോഗം ഉയർന്നതോടെ ഉത്പാദനം ഗണ്യമായി വർധിപ്പിക്കാൻ കമ്പനികൾ നടപടികൾ തുടങ്ങി. നടപ്പു സാമ്പത്തിക വർഷത്തിൽ ഉത്പാദന ശേഷിയിൽ 4.5 കോടി ടണ്ണിൻറെ വർധന വരുത്തുന്നതിനാണ് വിവിധ കമ്പനികൾ നിക്ഷേപം നടത്തിയിട്ടുള്ളത്.

ഇന്ത്യൻ കമ്പനികൾ സിമൻറ് ഉത്പാദന ശേഷി റെക്കോഡ് വേഗത്തിലാണ് ഉയർത്തുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ അദാനി സിമൻറ്സ് പത്ത് കോടി ടണ്ണിൻറെ ഉത്പാദന ശേഷിയാണ് കൈവരിച്ചത്.





# കണമല, എരുമേലി വഴി 183 എ ദേശീയപാത

**എരുമേലി:** മുണ്ടക്കയം എരുമേലി റോഡിൽ ശബരിമല സീസണിൽ അപകടങ്ങൾ പതിവാകുന്ന കണ്ണിമലയിലെ 'എസ്' ആകൃതിയിലുള്ള അപകട വളവ് ഇനിയുണ്ടാകില്ല. നാലുവരി പാതയായി വിഭാവനം ചെയ്തിട്ടുള്ള നിർദിഷ്ട ഭരണിക്കാവ് മുണ്ടക്കയം 183എ ദേശീയ പാതയ്ക്ക് എരുമേലി മുണ്ടക്കയം റൂട്ടിൽ ഉൾപ്പെടെ സ്ഥലമേറ്റെടുക്കലിന് വിജ്ഞാപനമായതോടെയാണ് 'എസ്' വളവിന് ശാപമോക്ഷമാകുന്നത്. പാതയ്ക്ക് സ്ഥലം ഏറ്റെടുക്കാൻ കഴിഞ്ഞ ദിവസമാണ് അധികൃതർ വിജ്ഞാപനം പുറപ്പെടുവിച്ചത്.

പാത എരുമേലി റൂട്ടിൽ എത്തുന്നത് പമ്പ ശബരിമല റോഡിലെ ഇലവുങ്കലിൽ നിന്നാണ്. ഇവിടെ നിന്നു കണമല വഴി എരുത്വാപ്പുഴയിലൂടെ മുക്കൂട്ടുതറ ടൗൺ ഒഴിവാക്കി എംഇഎസ് ജംഗ്ഷൻ പ്രപ്പോസ് വഴി പേരൂർത്തോട് എത്തി മുണ്ടക്കയം റോഡിൽ പ്രവേശിച്ച് മഞ്ഞളരുവി കണ്ണിമല വഴി മുണ്ടക്കയത്ത് എത്തുന്ന വിധമാണ് റൂട്ട്. നേരത്തേ കണമലയിൽ നിന്നു മൂക്കൻപെട്ടി, കാളകെട്ടി കുഴിമാവ് കോരുത്തോട് മടുക്ക വഴി മുണ്ടക്കയത്ത് എത്തുന്ന റൂട്ട് പരിഗണിച്ചിരുന്നു.

കണമല എരുത്വാപ്പുഴ ഭാഗം ദേശീയപാതയുടെ അംഗീകൃത ഗ്രേഡിയൻറ് പ്രകാരം ചെയ്യുന്നതിന് പ്രായോഗിക ബുദ്ധിമുട്ട് ഉണ്ടെന്ന കാരണം ഉയർത്തിയാണ് കോരുത്തോട് വഴിയുള്ള റൂട്ട് തെരഞ്ഞെടുത്തതെങ്കിലും ഇത് പിന്നീട് ഒഴിവാക്കി. നിർദിഷ്ട പാതയ്ക്ക് സ്ഥലം ഏറ്റെടുക്കൽ നടപടികളാണ് ഇനി ആരംഭിക്കേണ്ടത്. നിലവിൽ പാതയുടെ നിർമാണത്തിനുള്ള എസ്റ്റിമേറ്റ് അംഗീകരിച്ച് 2600 കോടി രൂപ അനുവദിച്ചതിനു പുറമേ ഡൽഹിയിലെ സ്റ്റപ്പ് കൺസൾട്ടൻറ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനിക്ക് നിർമാണ ചുമതല നൽകിയിട്ടുണ്ട്.

കണ്ണിമല വഴി നിർദിഷ്ട പാതയെത്തുന്നതോടെ കണ്ണിമല 'എസ്' വളവിൽ സ്ഥലം ഏറ്റെടുത്ത് വളവ് മാറ്റി പുതിയ റോഡ് നിർമിക്കാനാണ് രൂപരേഖയിലെ നിർദേശം. നിലവിൽ ഈ വളവിൽ അപകടങ്ങൾ കുറയ്ക്കാൻ താത്കാലികമായി കരിങ്കല്ലു കൊണ്ട് സംരക്ഷണഭിത്തിയും ക്രാഷ്ബാരിയർ സ്ഥാപിക്കലും മാത്രമാണ് നടന്നിട്ടുള്ളത്. ഈ വളവിൽ സമാന്തര റോഡ് നിർമിക്കണമെന്ന് നാട്ടുകാർ നിരന്തരമായി ആവശ്യം ഉയർത്തുന്നുണ്ട്.

കൊല്ലം ജില്ലയിലെ ഭരണിക്കാവിൽ നിന്ന് തുടങ്ങി പത്തനംതിട്ട, കോട്ടയം ജില്ലകളിലൂടെയാണ് നിർദിഷ്ട ഭരണിക്കാവ് മുണ്ടക്കയം 183എ ദേശീയ പാതയുടെ റൂട്ട്. മൊത്തം 119 കിലോമീറ്ററാണ് പാതയുടെ ആകെ ദൂരമായി നിർണയിച്ചിട്ടുള്ളത്. 24മീറ്റർ ആണ് വീതി. എരുമേലി ടൗൺ, മുക്കൂട്ടുതറ ടൗൺ എന്നിവ വീതികൂട്ടാനുള്ള ബുദ്ധിമുട്ട് കണക്കിലെടുത്ത് റൂട്ടിൽനിന്ന് നേരത്തേ ഒഴിവാക്കിയിരുന്നു.

ശബരിമല സീസണിൽ ദിവസങ്ങളോളം തീർഥാടക വാഹനങ്ങൾ റോഡിൽ ഗതാഗത സ്തംഭനത്തിലായ മുൻ വർഷങ്ങളിലെ സ്ഥിതി നിർദിഷ്ട പാത യാഥാർഥ്യമാകുന്നതോടെ ഒഴിയുമെന്നാണ് കരുതുന്നത്.



# വൈക്കത്തെ മൾട്ടിപ്ലക്സ് തിയറ്റർ ഉദ്ഘാടനത്തിന് ഒരുങ്ങുന്നു

**വൈക്കം:** വൈക്കം കിഴക്കേനടയിലെ കിളിയാട്ടുനടയിൽ നിർമിക്കുന്ന മൾട്ടിപ്ലക്സ് തിയറ്റർ സമുച്ചയത്തിൻറെ പെയിൻറിംഗ് അന്തിമ ഘട്ടത്തിൽ. പുറമേയുള്ള പെയിൻറിംഗ് ഏറെക്കുറെ പൂർത്തിയായി. ഉൾഭാഗങ്ങളിലെ പെയിൻറിംഗിനൊപ്പം ഇൻറീരിയർ വർക്കുകളും ആരംഭിക്കും. ഓണത്തിന് സിനിമാ പ്രദർശനം ആരംഭിക്കാൻ ലക്ഷ്യമിട്ടാണ് നിർമാണ പ്രവർത്തനങ്ങൾ നടന്നുവരുന്നത്.

തിയറ്ററിൻറെ ചുറ്റുമതിൽ നിർമാണം പൂർത്തിയായി. ഇലക്ട്രിക്കൽ, പ്ലംബിംഗ് ജോലികൾ പൂർത്തിയാക്കി. ഇൻറീരിയർ വർക്കുകൾ തീർന്നാലുടൻ സൗന്ദര്യവത്കരണ പ്രവർത്തനങ്ങളിലേക്കു കടക്കും. പാർക്കിംഗ് സൗകര്യത്തിനും വഴിക്കുമായി നഗരസഭ അവസാനം വിട്ടു നൽകിയ പത്തു സെൻറ് സ്ഥലത്തിൻറെ തരംമാറ്റൽ, പ്ലാൻ അംഗീകരിക്കൽ, കെട്ടിടത്തിൻറെ നമ്പറിടൽ തുടങ്ങിയ കാര്യങ്ങൾകൂടി പൂർത്തിയാക്കാനുള്ള ശ്രമത്തിലാണ് അധികൃതർ.

കിഫ്ബിയിൽനിന്ന് അനുദിച്ച 14.71 കോടി രൂപ വിനിയോഗിച്ചു വൈക്കം ഫയർ സ്റ്റേഷനു സമീപത്ത് നഗരസഭ വിട്ടു നൽകിയ 80 സെൻറ് സ്ഥലത്താണ് തിയറ്റർ നിർമിക്കുന്നത്. 2023 ഫെബ്രുവരി പത്തിനാണ് തിയറ്റർ നിർമാണം ആരംഭിച്ചത്. തിയറ്റർ സമുച്ചയത്തിന് 20000 ചതുരശ്ര അടിയാണ് വിസ്തൃതി.

2024 ഫെബ്രുവരി ഒൻപതിനു തിയറ്ററിൻറെ നിർമാണം പൂർത്തിയാക്കുമെന്നായിരുന്നു കരാർ. നിർമാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിലാണെങ്കിലും സാങ്കേതിക തടസങ്ങളാണ് നിർമാണ പ്രവർത്തനങ്ങൾ നിശ്ചിത കാലാവധി കഴിഞ്ഞും നീളാൻ ഇടയാക്കിയത്.

പുതിയ തിയറ്റർ സമുച്ചയത്തിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ രണ്ടു തിയറ്ററുകളുണ്ടാകും. ഷോപ്പിംഗിനും ഭക്ഷണം കഴിക്കുന്നതിനും വിശ്രമിക്കുന്നതിനുമൊക്കെ പര്യാപ്തമായ ഇടമായി തിയറ്ററിനെ മാറ്റാനാണ് കെഎഫ്ഡി സി അധികൃതരുടെ തീരുമാനം.

തിയറ്ററിനോടനുബന്ധിച്ചു പ്രധാന നിരത്തുമായി ബന്ധപ്പെട്ട് 12 മീറ്റർ വീതിയിൽ റോഡും വാഹന പാർക്കിംഗിനായി സൗകര്യവും നഗരസഭ ഒരുക്കിയിട്ടുണ്ട്. കെഎഫ്ഡിസി നിർമിക്കുന്ന തിയറ്റിൻറെ നിർമാണക്കരാർ ഏറ്റെടുത്തിരിക്കുന്നത് ജെ ആൻഡ് ജെ അസോസിയേറ്റ്സാണ്.

## അറിയിപ്പുകൾ

### താത്കാലിക നിയമനം

**കൊച്ചി:** പറവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ വടക്കേക്കര പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന പകൽ വീട്ടിലേക്ക് കെയർ ഗിവറുടെ ഒഴിവിൽ താത്കാലിക നിയമനം നടത്തുന്നു. താത്പര്യമുള്ളവർ വെള്ള കടലാസിൽ പറവൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് അപേക്ഷ നൽകണം. അടിസ്ഥാന യോഗ്യത പ്ലസ് ടു. ജെറിയാട്രിക് കെയറിൽ ചുരുങ്ങിയത് മൂന്ന് മാസം എങ്കിലും പരിശീലനം പൂർത്തിയാക്കിയവർക്ക് മുൻഗണന നൽകും. അപേക്ഷ സമർപ്പിക്കേണ്ട അവസാന തിയതി മെയ് 20ന് വൈകീട്ട് നാലു വരെ. വിശദ വിവരങ്ങൾക്ക് പറവൂർ ബ്ലോക്ക് പഞ്ചായത്ത് ഓഫീസുമായി ബന്ധപ്പെടുക.

### മൈ ഭാരത് പോർട്ടൽ രജിസ്ട്രേഷൻ ആരംഭിച്ചു

**കൊച്ചി:** ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ സുപ്രധാന പങ്കുവഹിക്കാൻ കഴിയുന്ന യുവതി യുവാക്കളെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി രാജ്യവ്യാപകമായി മേരാ യുവ ഭാരത് സിവിൽ ഡിഫെൻസ് വോളന്റീർമാരെ തെരെഞ്ഞെടുക്കുന്നു.

രക്ഷാപ്രവർത്തനം, ഒഴിപ്പിക്കൽ പ്രവർത്തനങ്ങൾ, പ്രഥമശുശ്രൂഷ, അടിയന്തര പരിചരണം, ഗതാഗത നിയന്ത്രണം, ജനക്കൂട്ട നിയന്ത്രണം, പൊതു സുരക്ഷ, ദുരന്ത പുനരധിവാസ പ്രവർത്തനം സർക്കാർ ഏജൻസികളെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും സഹായിക്കൽ എന്നിവ ഇതിൽ ഉൾപ്പെടുന്നു. ദേശീയ, സംസ്ഥാന ദുരന്ത നിവാരണ ഏജൻസികളുമായി ചേർന്ന് വളണ്ടിയർമാർക്ക് ഒരാഴ്ച്ചത്തെ വിദഗ്ദ്ധ പരീശീലനം നൽകും. താല്പര്യമുള്ളവർ വേേു:\/\/ാ്യയവമൃമ.ഴീ.ശി എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യേണ്ടതാണ് .

## അറിയിപ്പ്

**കൊച്ചി:** കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പെൻഷൻ കൈപ്പറ്റുന്നവർ ഒഴികെ അംഗത്വം മുടങ്ങിക്കിടക്കുന്നവർ ഉൾപ്പെടെയുള്ള മുഴുവൻ തൊഴിലാളികളും അഡ്വാൻസ് ഇൻഫർമേഷൻ ഇന്റർഫേസ് സിസ്റ്റം സോഫ്റ്റ് വെയറിലൂടെ (എഐഐഎസ്), തങ്ങളുടെ രജിസ്ട്രേഷൻ ഡാറ്റ പരിശോധിച്ച് 2025 ജൂലൈ 31 നകം അപ്ഡേറ്റ് ചെയ്യണം. ഡ്രൈവിംഗ് ലൈസൻസ്, ആധാർ കാർഡ്, പാൻ കാർഡ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ്, മൊബൈൽ നമ്പർ, ക്ഷേമനിധി കാർഡ്, 65 രൂപ എന്നിവ സഹിതം ഹാജരായി അക്ഷയ കേന്ദ്രങ്ങൾ വഴിയോ, സി.എസ്.സി.വഴിയോ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യാമെന്ന് ജില്ലാ എക്സിക്യൂട്ടീവ് ആഫീസർ അറിയിച്ചു.

### ഗസ്റ്റ് ഇന്റർപ്രറ്റർ ഒഴിവ്

**തിരുവനന്തപുരം:** കൈമനം സർക്കാർ വനിതാ പോളിടെക്നിക് കോളജിലെ കമ്പ്യൂട്ടർ എൻജിനിയറിങ് ഹിയറിങ് ഇമ്പേഡ് ബാച്ചിൽ ഗസ്റ്റ് ഇന്റർപ്രറ്റർ തസ്തികയിലേക്ക് നിയമനത്തിന് മേയ് 21ന് അഭിമുഖം നടക്കും. എം.എസ്.ഡബ്ല്യു, എം.എ സൈക്കോളജി/ എം.എ. സോഷ്യോളജിയും ഡി.ഐ.എസ്.എൽ.എ ഡിപ്ലോമയുമാണ് യോഗ്യത. താത്പര്യമുള്ളവർ ബയോഡാറ്റ, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളുമായി രാവിലെ 10ന് സ്ഥാപനമേധാവി മുമ്പാകെ ഹാജരാകണം.

## അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ നടത്തുന്ന ആറുമാസം ദൈർഘ്യമുള്ള ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. വിജ്ഞാപനവും പ്രോസ്പെക്ടസും ഓൺലൈനായി അപേക്ഷിക്കുന്നതിനുള്ള ലിങ്കും www.statelibrary.kerala.gov.in ൽ ലഭ്യമാണ്. മേയ് 31 വരെ അപേക്ഷ സ്വീകരിക്കും. എസ്.എസ്.എൽ.സിയോ തത്തുല്യമായ പരീക്ഷയോ പാസായിട്ടുള്ളവർക്ക് അപേക്ഷിക്കാം.

### ധനസഹായത്തിന് അപേക്ഷ ക്ഷണിച്ചു

**കോഴിക്കോട്:** സംസ്ഥാനത്ത് കളിമൺപാത്ര നിർമ്മാണം കുലത്തൊഴിലായി സ്വീകരിച്ചിട്ടുള്ള ഒ.ബി.സി വിഭാഗത്തിൽപ്പെട്ട പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പാക്കി വരുന്ന പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുള്ള ധനസഹായ പദ്ധതിക്ക് (2025 26) അപേക്ഷ ക്ഷണിച്ചു. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 2.5 ലക്ഷം രൂപയിൽ കൂടുതലാവരുത്. 60 വയസ്സു വരെയുള്ളവർക്ക് അപേക്ഷിക്കാം. www.bwin.kerala.gov.in പോർട്ടൽ മുഖേന മേയ് 31നകം ഓൺലൈനായി അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ മേഖലാ ഓഫീസുകളുമായി ബന്ധപ്പെടുക. കൊല്ലം മേഖലാ ഓഫീസ് 0474 – 2914417, എറണാകുളം മേഖലാ ഓഫീസ് 0484 – 2429130, പാലക്കാട് മേഖലാ ഓഫീസ് 0492 – 2222335, കോഴിക്കോട് മേഖലാ ഓഫീസ് 0495 – 2377786. വെബ്സൈറ്റ്: www.bwin.kerala.gov.in, www.bedd.kerala.gov.in.

# ഇടുക്കി കുടിയേറ്റ സ്മാരക വില്ലേജ് 17നു തുറക്കും

**ഇടുക്കി:** ജില്ലയുടെ കുടിയേറ്റത്തിൻറെയും കുടിയേറ്റ കർഷകരുടെയും ചരിത്രത്തിലേക്ക് വെളിച്ചം വീശുന്ന കുടിയേറ്റ സ്മാരക ടൂറിസം വില്ലേജിൻറെ ഉദ്ഘാടനം 17ന് രാവിലെ 10.30ന് ഇടുക്കി പാർക്കിൽ മന്ത്രി പി.എ. മുഹമ്മദ് റിയാസ് നിർവഹിക്കും. ഇൻസ്റ്റലേഷൻ ഓഫ് ഫോട്ടോ ഫ്രെയിംസ് അറ്റ് 7 ലൊക്കേഷൻസ് ഇടുക്കി പദ്ധതിയുടെ ഉദ്ഘാടനം ഹിൽ വ്യൂ പാർക്കിലും മന്ത്രി നിർവഹിക്കും.

ഇടുക്കി ആർച്ച് ഡാമിന് സമീപമാണ് കുടിയേറ്റ സ്മാരക ടൂറിസം വില്ലേജ്. മലബാറിൽനിന്നും തിരുവിതാംകൂറിൽനിന്നും ഇടുക്കിയുടെയും കോട്ടയത്തിൻറെയും താഴ്ന്ന പ്രദേശങ്ങളിൽനിന്നുള്ള കുടിയേറ്റ കർഷകരുടെ പരീക്ഷണങ്ങളും പ്രയാസങ്ങളും വില്ലേജിലെ ഉയർന്ന ശില്പങ്ങളിലൂടെയും ഇൻസ്റ്റലേഷനുകളിലൂടെയും വിനോദസഞ്ചാരികളിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിൻറെ ഉദ്യാനപദ്ധതിയോട് ചേർന്നുള്ള അഞ്ച് ഏക്കറിലാണ് വില്ലേജ്. പത്ത് കോടിയുടെ



പദ്ധതിക്ക് സംസ്ഥാന ടൂറിസം വകുപ്പ് 2019ലാണ് അനുമതി നൽകിയത്. ഒന്നാം ഘട്ടമായി അനുവദിച്ച മൂന്നു കോടിയുടെ നിർമാണ പ്രവർത്തനങ്ങളാണ് ഇപ്പോൾ പൂർത്തിയായത്.

ഏറ്റവും മുകളിലായി സ്മാരക മ്യൂസിയവും കോഫി ഷോപ്പുമാണ് സജ്ജീകരിച്ചിരിക്കുന്നത്. 36 അടി ഉയരത്തിൽ കർഷകൻറെ രൂപത്തിൽ നിർമിച്ചിരിക്കുന്ന പ്രവേശനകവാടമാണ് പ്രധാന ആകർഷണം. ശില്പങ്ങൾക്ക് മികച്ച ലൈറ്റ് സംവിധാനവും ഇരിപ്പിടങ്ങളും പാതയോരങ്ങളിൽ ഒരുക്കിയിട്ടുണ്ട്. പദ്ധതിയുടെ അടുത്ത ഘട്ടത്തിൽ ഉദ്യാനവും കുട്ടികൾക്കായി പാർക്കും ആരംഭിക്കും.

കൂടുതൽ വിനോദസഞ്ചാരികളെ ജില്ലയിലേക്ക് ആകർഷിക്കാനായി ഇൻസ്റ്റലേഷൻ ഓഫ് ഫോട്ടോഫ്രെയിംസ് അറ്റ് 7 ലൊക്കേഷൻസ് ഇടുക്കി എന്ന പദ്ധതിക്കും ഇതോടൊപ്പം തുടക്കം കുറിക്കും. 2022ലാണ് ടൂറിസം വകുപ്പ് പദ്ധതിക്ക് 38,17,116 രൂപയുടെ ഭരണാനുമതി നൽകിയത്. രാമക്കൽമേട്, പാഞ്ചാലിമേട്, വാഗമൺ അഡ്വഞ്ചർ പാർക്ക്, ഇടുക്കി ഹിൽ വ്യൂ പാർക്ക്, ശ്രീനാരായണപുരം, അരുവിക്കുഴി, വാഗമൺ മൊട്ടക്കുന്ന് എന്നിവിടങ്ങളിലാണ് വിനോദ സഞ്ചാരികൾക്ക് ചിത്രങ്ങൾ പകർത്താനും മറ്റുമായി ഫോട്ടോഫ്രെയിംസ് സ്ഥാപിക്കുന്നത്.



# പ്രതിസന്ധികളെ അതിജീവിക്കാൻ കൂട്ടായി പരിശ്രമിക്കണം: ജോഷ്വാ മാർ ഇഗ്നാത്തിയോസ്

**നെടുങ്കണ്ടം:** വർത്തമാനകാലത്തിൻറെ പ്രതിസന്ധികളെ അതിജീവിക്കാൻ എല്ലാവരും കൂട്ടായി പരിശ്രമിക്കണമെന്ന് മാവേലിക്കര രൂപതാ മെത്രാൻ ജോഷ്വാ മാർ ഇഗ്നാത്തിയോസ്.

വിശുദ്ധ കുർബാനയ്ക്കുശേഷം നടന്ന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഇടുക്കി രൂപത എല്ലാ കാലത്തും മലയോര ജനതയുടെ ശബ്ദമായി മാറിയിട്ടുണ്ട്. അഭിവന്ദ്യ പിതാക്കൻമാരോടൊപ്പം എല്ലാകാലത്തും സമൂഹത്തിൻറെ പ്രതികരണം ഉത്തരവാദിത്വപ്പെട്ടവരെ അറിയിക്കാൻ ഇടുക്കി രൂപത പരിശ്രമിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ഇടുക്കി രൂപത മെത്രാൻ മാർ ജോൺ നെല്ലിക്കുന്നേൽ അധ്യക്ഷത വഹിച്ചു. ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ ഫ്രാൻസിസ് മാർപാപ്പ അനുസ്മരണം നടത്തി. ഇടുക്കിയിലെ ഭൂപ്രശ്നങ്ങൾ ഉൾപ്പെടെയുള്ള നിരവധിയായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനുള്ള ശ്രമമാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്.

ഭൂസംബന്ധമായ ഒട്ടുമിക്ക പ്രശ്നങ്ങൾക്കും ഈ മാസംതന്നെ പരിഹാരം ഉണ്ടാകുമെന്നും മന്ത്രി പറഞ്ഞു. മാർ മാത്യു ആനിക്കുഴിക്കാട്ടിലും മാർ ജോൺ നെല്ലിക്കുന്നേലും കർഷക ജനതയുടെ ആവശ്യങ്ങൾക്കുവേണ്ടിയാണ് ധീരമായ നിലപാടുകൾ എടുത്ത് പ്രവർത്തിക്കുന്നത്. ലഹരിയുടെ വലിയ വ്യാപനം ചെറുപ്പക്കാരിലും കുട്ടികളിലും വർധിച്ചുവരുന്ന കാലമാണിത്.

ഈ സാഹചര്യത്തിൽ രൂപതയുടെ നേതൃത്വത്തിലും ഈ വിപത്തിനെ അതിജീവിക്കാനുള്ള കർമ പദ്ധതികൾ രൂപപ്പെടുത്തേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഡീൻ കുര്യാക്കോസ് എംപി മുഖ്യപ്രഭാഷണം നടത്തി. ജഗദൽപുർ ബിഷപ് മാർ ജോസഫ് കൊല്ലംപറന്പിൽ അനുഗ്രഹപ്രഭാഷണം നടത്തി. വ്യത്യസ്ത മേഖലകളിൽ മികവ് പുലർത്തിയവരും നിസ്തുലമായ സംഭാവനകൾ നൽകിയിട്ടുള്ളവരുമായ രൂപതാഗംങ്ങളെ അവാർഡുകൾ നൽകി ആദരിച്ചു.

ഫ്രാൻസിസ് മാർപാപ്പയുടെയും മാർ മാത്യു ആനിക്കുഴിക്കാട്ടിലിൻറെയും ഛായചിത്രങ്ങൾക്ക് മുന്പിൽ വിശിഷ്ടാതിഥികൾ പുഷ്പാർച്ചന നടത്തിയാണ് സമ്മേളനത്തിന് തുടക്കം കുറിച്ചത്. മുരിക്കാശേരി സെൻറ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിലെ കുട്ടികൾ അവതരിപ്പിച്ച മാർഗം കളിയും പരിചമുട്ട് കളിയും സമ്മേളനത്തിൻറെ മാറ്റ് കൂട്ടി.

ഇടുക്കി രൂപത സ്ഥാപിതമായതിൻറെ രജത ജൂബിലി വർഷത്തിലാണ് അടുത്ത രൂപത ദിനം എന്ന് മാർ ജോൺ നെല്ലിക്കുന്നേൽ പ്രഖ്യാപിച്ചു.

മോൺ. ജോസ് കരിവേലിക്കൽ, മോൺ. ജോസ് പ്ലാച്ചിക്കൽ, മോൺ. ഏബ്രാഹം പുറയാറ്റ്, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ജോർജ് കോയിക്കൽ എന്നിവർ പ്രസംഗിച്ചു. മോൺ. ജോസ് നരിതൂക്കിൽ, ആർച്ച് പ്രീസ്റ്റ് ജയിംസ് ശൗര്യംകുഴി, റവ. ഡോ. മാർട്ടിൻ പൊൻപനാൽ, ഫാ. മാത്യു അഴകനാക്കുന്നേൽ, ഫാ. ജിൻസ് കാരക്കാട്ട്, സാം സണ്ണി, ഷേർലി ജൂഡി, സെസ്സിൽ ജോസ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.



**കോലഞ്ചേരി കണ്യാട്ടുകുടി കുടിവെള്ള പദ്ധതിയിൽ സ്ഥാപിച്ച വാട്ടർ പ്യൂരിഫയറിന്റെ ഉത്ഘാടനം വാർഡ് മെമ്പർ ജിംസി മേരി വർഗീസിന്റെ അധ്യക്ഷതയിൽ പൂതൃക്ക പഞ്ചായത്ത് പ്രസിഡന്റ് റ്റി.പി. വർഗീസ് നിർവ്വഹിക്കുന്നു. സംഗീത ഷൈൻ, എൻ.വി. കൃഷ്ണൻകുട്ടി, ശോഭന സലീപൻ, ജോയി പി.യു., ബെന്നി റ്റി. ജോസഫ് തുടങ്ങിയവർ സമീപം**

# നശാമുക്ത് ഭാരത് അഭിയാൻ പരിശീലകർക്കുള്ള ഐഡി കാർഡുകൾ വിതരണം ചെയ്തു

**കൊച്ചി:**രാജ്യത്തെ ലഹരിമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയായ ' നശാ മുക്ത് ഭാരത് അഭിയാൻ'പ്രോഗ്രാമിന്റെ പരിശീലകർക്കുള്ള ഐഡി കാർഡുകൾ സാമൂഹ്യ നീതി വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു വിതരണം ചെയ്തു.

കാക്കനാട് ഐ എം ജി യിൽ നടന്ന ചടങ്ങിൽ സാമൂഹ്യനീതി അസി. ഡയറക്ടർ ഷീബ മുംതാസ് അധ്യക്ഷത വഹിച്ചു. സാമൂഹ്യനീതി ജില്ലാ ഓഫീസർ സിനോ സേവി,ജില്ലാ സാമൂഹ്യ നീതി ജൂനിയർ സൂപ്രണ്ട് ഷെറിൻ പി ജേക്കബ്, മാസ്റ്റർ ട്രെയ്നർമാരായ ഡോ. ജാക്സൺ തോട്ടുങ്കൽ, അഡ്വ. ചാർളി പോൾ എന്നിവർ സംസാരിച്ചു.

ജില്ലാ ഭരണകൂടത്തിന്റെയും ജില്ലാ സാമൂഹ്യ നീതി വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ ലഹരി വിരുദ്ധ പരിശീലകർക്കായി ദ്വിദിന പരിശീലനം നടത്തിയിരുന്നു . 2 ദിവസം ഓൺലൈനിലും പരിശീലനം നല്കി.പരിശീലനംപൂർത്തിയാക്കിയവർക്കുള്ള ഐഡി കാർഡുകളാണ് മന്ത്രി വിതരണം ചെയ്തത്.

50 പേർ പരിശീലനം പൂർത്തിയാക്കി.വിവിധ തലങ്ങളിൽ ലഹരിക്കെതിരെ ക്ലാസ് എടുക്കുന്നതിന് സാമൂഹ്യനീതി വകുപ്പിന്റെ മാസ്റ്റർ വൊളണ്ടിയേഴ്സിന്റെ സൗജന്യ സേവനം ലഭ്യമാണ് .വിളിക്കേണ്ട നമ്പർ : 85477 24041

# ഭൂമിമിത്ര പുരസ്കാരം ശ്രീമൻ നാരായണന്



**ആലുവ:** പരിസ്ഥിതി സംരക്ഷണ സംഘം ഏർപ്പെടുത്തി നൽകി വരുന്ന 'ഭൂമിമിത്ര' പുരസ്കാരം ഈ വർഷം പ്രശസ്തനായ പക്ഷി സ്നേഹിയും പരിസ്ഥിതി പ്രവർത്തകനുമായ ശ്രീമൻ നാരായണന് നൽകുവാൻ കുസാറ്റിലെ എമിറെറ്റ് പ്രൊഫസർ ഡോ. എൻ മധു ചെയർമാനായ പുരസ്കാര നിർണ്ണയ സമിതി തീരുമാനിച്ചു.2025 ലോക പരിസ്ഥിതി ദിനമായ ജൂൺ 5 ന് സംഘം പ്രസിഡന്റ് ശ്രീ. ചിന്നൻ ടി.പൈനാടത്തിന്റെ അധ്യക്ഷതയിൽ ആലുവയിൽ വെച്ച് നടക്കുന്ന സമ്മേളനത്തിൽ പ്രൊഫ. എം. കെ. സാനു പുരസ്കാര സമർപ്പണം നിർവ്വഹിക്കുന്നതാണ്.സമ്മേളനത്തിൽ പ്രഗൽഭരായ വ്യക്തിത്വങ്ങൾ പങ്കെടുക്കും.



# ഡോ. ജോസ് ചാക്കോ പെരിയപ്പുറത്തെ ആദരിച്ചു

**കൊച്ചി:** കാർഡിയോ തൊറാസിക് സർജൻ പത്മഭൂഷൺ ഡോ. ജോസ് ചാക്കോ പെരിയപുരത്തെ കൊച്ചിൻ കാർഡിയാക് ഫോറം ഭാരവാഹികൾ ആദരിച്ചു. കൊച്ചിൻ കാർഡിയാക് ഫോറം പ്രസിഡന്റ് ഡോ.നവിൻ മാത്യു; സെക്രട്ടറി ഡോ.വിജിൻ ജോസഫ്, ഡോ.റോണി മാത്യു,

ഡോ ഈപ്പൻ പുന്നോസ്, ഡോ കെ യു നടരാജൻ, ഡോ മനു വർമ്മ എന്നിവർ പങ്കെടുത്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# തട്ടിപ്പ് തിരിച്ചറിയൽ സംവിധാനം അവതരിപ്പിച്ച് എയർടെൽ

**കോഴിക്കോട് :** സ്പാമിനെതിരായ പോരാട്ടത്തിൽ എയർടെൽ എല്ലാ ആശയവിനിമയ ഓവർദിടോപ് (ഒടിടി) ആപ്പുകൾ, ഇമെയിലുകൾ, ബ്രൗസറുകൾ, വാട്സ്ആപ്പ്, ടെലഗ്രാം, ഫേസ്ബുക്ക്, ഇൻസ്റ്റാഗ്രാം, എസ്എംഎസുകൾ പോലെയുള്ള ഒടിടികൾ അടക്കമുള്ള പ്ലാറ്റ്ഫോമുകളിലെ ഉപദ്രവകാരികളായ വെബ്സൈറ്റുകളേയും തത്സമയം തിരിച്ചറിഞ്ഞ്, തടയുന്ന പുതിയ അത്യാധുനിക സംവിധാനം അവതരിപ്പിച്ചു. ഈ സുരക്ഷിതമായ സേവനം എല്ലാ എയർടെൽ മൊബൈൽ, ബ്രോഡ്ബാൻഡ് ഉപഭോക്താക്കൾക്കും അധിക ചെലവില്ലാതെ നൽകും. എയർടെല്ലിന്റെ ആധുനിക സുരക്ഷാ സംവിധാനം, ഉപദ്രവകാരിയെന്ന് ചൂണ്ടിക്കാണിച്ച ഒരു വെബ്സൈറ്റിലേക്ക് പ്രവേശിക്കാൻ ഒരു ഉപഭോക്താവ് ശ്രമിക്കുമ്പോൾ, ആ പേജ് ലോഡ് ആകുന്നതിനെ തടയുകയും തടയാനുള്ള കാരണം വിശദീകരിക്കുന്ന പേജിലേക്ക് ഉപഭോക്താവിനെ വഴിതിരിച്ചു വിടുകയും ചെയ്യുന്നു. ഈ സേവനം ഉടനെ രാജ്യവ്യാപകമായി ലഭ്യമാകുമെന്ന് ഭാരതി എയർടെല്ലിന്റെ വൈസ് ചെയർമാനും മാനേജിങ് ഡയറക്ടറുമായ ഗോപാൽ വിത്തൽ പറഞ്ഞു.

രാജ്യത്തുടനീളം ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ വ്യാപകമാകുന്നതിന്റെ ഫലമായി ഓൺലൈൻ തട്ടിപ്പ് ഭീഷണി എല്ലാ ദിവസവും വളരുകയും ഉപഭോക്താക്കൾ മാരകമായ ഭീഷണി ഉയർത്തുകയും ചെയ്യുന്നു. ഈ സാഹചര്യത്തിന്റെ ഗൗരവം തിരിച്ചറിഞ്ഞ്, എല്ലാത്തരം തട്ടിപ്പുകളിൽ നിന്നും ഉപഭോക്താക്കളെ സംരക്ഷിക്കുന്നതിന് എയർടെൽ എഐഅധിഷ്ഠിത, ബഹുതല ഇന്റലിജൻസ് പ്ലാറ്റ്ഫോം രൂപകൽപന ചെയ്തു.

അതിനായി, എല്ലാ പ്ലാറ്റ്ഫോമുകളിലും ഡൊമെയ്ൻ ഫിൽട്ടർ ചെയ്ത് ഭീഷണികളെ കണ്ടെത്തുകയും എല്ലാ ഉപകരണങ്ങളിലും ആ ലിങ്കിനെ തടയുകയും ചെയ്യുന്ന അത്യാധുനിക സംവിധാനം അവതരിപ്പിക്കുന്നു. ഇന്റർനെറ്റ് ബ്രൗസ് ചെയ്യുമ്പോൾ തട്ടിപ്പിനിരയാകുമെന്ന പേടിയില്ലാതെ സമാധാനത്തോടെയിരിക്കാൻ ഞങ്ങളുടെ ഉപഭോക്താക്കളെ ഇത് സഹായിക്കുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

ഞങ്ങളുടെ നെറ്റ് വർക്കുകൾ സ്പാമിൽനിന്നും തട്ടിപ്പിൽനിന്നും പൂർണമായും സുരക്ഷിതമാക്കുന്നത് വരെ ഞങ്ങൾ തുടർച്ചയായി പരിശ്രമിച്ചു കൊണ്ടിരിക്കുമെന്ന് ഗോപാൽ വിത്തൽ പറഞ്ഞു.




# റേസർ 60 അൾട്രാ പുറത്തിറക്കി മോട്ടറോള

**കൊച്ചി:** ഫ്ളിപ്പ് ഫോണുകളുടെ വിഭാഗത്തിൽ ഏറ്റവും നൂതന റേസർ 60 അൾട്രാ പുറത്തിറക്കി മോട്ടറോള. സ്നാപ്ഡ്രാഗൺ 8 എലൈറ്റ് പ്രോസസറുള്ള, പുതു മോട്ടോ എഐ സവിശേഷതകൾ, പെർപ്ലെക്സിറ്റി, മൈക്രോസോഫ്റ്റ് കോപൈലറ്റ്, ഗൂഗിളിന്റെ ജെമിനി തുടങ്ങിയ മുൻനിര എഐ അസിസ്റ്റുകൾക്ക് ഇൻബിൽറ്റ് പിന്തുണ, സമർപ്പിത എഐ പ്രോസസ്സിംഗ് എഞ്ചിൻ തുടങ്ങിയ സവിശേഷതകളുള്ള ശക്തമായ എഐ ഫ്ളിപ്പ് ഫോണാണ് മോട്ടോറോള റേസർ 60 അൾട്രാ.

ഡോൾബി വിഷൻ പിന്തുണയുള്ള മൂന്നു 50എംപി ഫ്ളിപ്പ് ക്യാമറ സിസ്റ്റം, കോർണിങ് ഗോറില്ല ഗ്ലാസ്സ്സെറാമിക് 4.0' ഇന്റലിജന്റ് എക്സ്റ്റേണൽ ഡിസ്പ്ലേ, 165 എച്ച്സെഡ് റിഫ്രഷ് റേറ്റുള്ള മടക്കുകൾ ഇല്ലാത്ത 7.0' പിഒഎൽഇഡി, സൂപ്പർ എച്ച്ഡി (1220പി) റെസല്യൂഷനും അൾട്രാഷാർപ്പ് 464 പിപിഐയും ഉള്ള ഇന്റേണൽ ഡിസ്പ്ലേ, 68ഡബ്ല്യു ടർബോപവർ, 30ഡബ്ല്യു വയർലസ് ചാർജിംഗ് എന്നിവ വരുന്ന 4700എംഎഎച്ച് ബാറ്ററി എന്നിങ്ങനെ പ്രത്യേകതകൾ നിറഞ്ഞതാണ് റേസർ 60 അൾട്രാ.മൂന്നു നിറങ്ങളിൽ ലഭ്യമായാ മോട്ടോറോള റേസർ 60 അൾട്രാ 16ജിബി + 512ജിബി വേരിയന്റിന് 89,999 രൂപ പ്രാരംഭ വിലയിൽ ആമസോൺ, റിലയൻസ് ഡിജിറ്റൽ ഔട്ട്ലെറ്റുകൾ, മോട്ടറോള.ഇൻ, റീട്ടെയിൽ സ്റ്റോറുകൾ എന്നിവയിൽ മെയ് 21 ഉച്ചയ്ക്ക് 12 മണി മുതൽ വിൽപ്പനയ്ക്കെത്തും.




# വെർട്ടലോയുമായി കൈകോർത്ത് ടാറ്റ മോട്ടോർസ്

**കൊച്ചി:** ഇന്ത്യയിലൂടനീളമുള്ള എല്ലാ ഉപഭോക്താക്കൾക്കും എളുപ്പത്തിൽ ഇലക്ട്രിക്കൽ വാഹനങ്ങൾ സ്വന്തമാക്കുവാൻ സാധിക്കുന്നതിനായി രാജ്യത്തെ ഏറ്റവും വലിയ വാണിജ്യ വാഹന നിർമാതാക്കളായ ടാറ്റ മോട്ടോർസും, ബെസ്പോര് ഇലക്ട്രിക് മൊബിലിറ്റി സേവനദാതാക്കളായ വെർട്ടലോയും സംയുക്ത ധാരാണാപത്രം ഒപ്പുവച്ചു. ഈ പങ്കാളിത്തത്തിലൂടെ ഓരോ ഉപഭോക്താക്കളുടേയും താത്പര്യങ്ങൾക്ക് അനുസൃതമായ രീതിയിലുള്ള ലീസിംഗ് സൊല്യൂഷനുകൾ വെർട്ടലോ വാഗ്ദാനം ചെയ്യും. സുസ്ഥിരമായ ഗതാഗത സൗകര്യത്തിലേക്ക് മാറുവാൻ ഇതോടെ ലളിതമായി ഉപയോക്താക്കൾക്ക് സാധ്യമാകും. ടാറ്റ മോട്ടോർസിന്റെ എല്ലാ വാണിജ്യവാഹനങ്ങൾക്കും ഈ സേവനങ്ങൾ ലഭ്യമാകുമെന്ന് ടാറ്റ മോട്ടോർസ് കൊമേഴ്ഷ്യൽ വെഹിക്കിൾസ് ട്രക്ക്സ്, വൈസ് പ്രസിഡന്റ് രാജേഷ് കൗൾ പറഞ്ഞു.

ഇലക്ട്രിക് ഗതാഗത സൗകര്യങ്ങൾ കൂടുതൽ ജനകീയമാക്കുന്നതിനുള്ള എല്ലാ പ്രതിബദ്ധതയും ടാറ്റ മോട്ടോർസിനുണ്ട്. കൂടുതൽ ഉപഭോക്താക്കളിലേക്ക് സുസ്ഥിരമായ ഗതാഗത സൗകര്യങ്ങൾ എത്തിച്ചേരണം. വെർട്ടലോയുമായുള്ള ഈ പങ്കാളിത്തം തങ്ങളുടെ യാത്രയിലെ നിർണായക നാഴികക്കല്ലാണ്.

ഇതുവഴി ഞങ്ങളുടെ നവീന ഇലക്ട്രിക് കൊമേഷ്യൽ വാഹനങ്ങൾ കൂടുതൽ ഉപഭോക്താക്കളിലേക്കെത്തുമെന്നും രാജേഷ് കൗൾ പറഞ്ഞു. ബസുകൾ, ട്രക്കുകൾ, മിനി ട്രക്കുകൾ എന്നിങ്ങനെ ഇലക്ട്രിക് കൊമേഷ്യൽ വാഹനങ്ങളുടെ വിപുലമായ ശ്രേണികൾ കൂടുതൽ ഉപഭോക്താക്കളിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായയാണ് തങ്ങൾ ടാറ്റാ മോട്ടോർസുമായുള്ള ഈ പങ്കാളിത്തത്തിലേക്കെത്തുന്നതെന്ന് വെർട്ടലോ സിഇഒ സന്ദീപ് ഗംഭീർ പറഞ്ഞു.ബെസ്പോക് ലീസിംഗ് സൊല്യൂഷനുകൾ ഈ പങ്കാളിത്തത്തിന്റെ ഭാഗമായി ഉപഭോക്താക്കൾക്ക് ലഭിക്കും. അതുവഴി സുസ്ഥിരമായ ഒരു ഇക്കോസിസ്റ്റം സൃഷ്ടിക്കുവാനും കൊമേഴ്ഷ്യൽ ഫ്ളീറ്റ് ഓപ്പറേറ്റർമാരുടെ സ്വഭാവിക തെരഞ്ഞെടുപ്പായി ഇലക്ട്രിക് മൊബിലിറ്റിയെ മാറ്റുന്നതിനും സാധിക്കും. പരിസ്ഥിതി സൗഹൃദപരമായ ഗതാഗത സംവിധാനത്തിലേക്ക് മാറുവാൻ കൂടുതൽ ഉപഭോക്താക്കളെ പ്രേരിപ്പിക്കുവാൻ ടാറ്റ മോട്ടോർസും വെർട്ടലോയുമായുള്ള ഈ പങ്കാളിത്തത്തിലൂടെ സാധിക്കു സന്ദീപ് ഗംഭീർ പറഞ്ഞു.

# നിക്ഷേപ പദ്ധതികളിലെ പലിശ നിരക്കുകൾ പുതുക്കി കെഎസ്എഫ്ഇ

**കൊച്ചി:** വിവിധ നിക്ഷേപ പദ്ധതികളിലെ പലിശ നിരക്കുകൾ കെഎസ്എഫ്ഇ പുതുക്കി. ജനറൽ ഫിക്സഡ് ഡെപ്പോസിറ്റ്, ചിട്ടി പ്രൈസ് മണി ഡെപ്പോസിറ്റ്, ഷോർട്ട് ടേം ഡെപ്പോസിറ്റ് തുടങ്ങിയ നിക്ഷേപ പദ്ധതികൾക്കാണ് മാറ്റം വന്നിരിക്കുന്നത്. സാധാരണ സ്ഥിരനിക്ഷേപം, ചിട്ടിപ്പണ നിക്ഷേപം തുടങ്ങിയവക്ക് ഒരു വർഷത്തേക്ക് 8.50 ശതമാനമായും, ഒരു വർഷം മുതൽ രണ്ട് വർഷത്തേക്ക് 8 ശതമാനമായും, രണ്ട് വർഷം മുതൽ മൂന്ന് വർഷത്തേക്ക് 7.75 ശതമാനമായും പലിശ നിരക്കുയർത്തി.

ചിട്ടിയുടെ മേൽ ബാധ്യതയ്ക്കുള്ള നിക്ഷേപങ്ങളുടെ (ഇടഉം) പലിശ നിരക്ക് 8.75 ശതമാനത്തിൽ നിന്ന് 9 ശതമാനമാക്കി. കൂടാതെ 181 മുതൽ 364 ദിവസത്തിനുള്ള ഹ്രസ്വകാല നിക്ഷേപം 5.50 ശതമാനത്തിൽ നിന്നും 6.50 ശതമാനമാക്കി പലിശ നിരക്കുയർത്തി. വന്ദനം നിക്ഷേപ പദ്ധതിയിലൂടെ മുതിർന്ന പൗരന്മാർക്ക് നിലവിൽ ലഭിക്കുന്ന 8.75% പലിശ നിരക്കിൽ മാറ്റമില്ല. എന്നാൽ നിക്ഷേപകരുടെ പ്രായപരിധി 60ൽ നിന്നും 56 വയസ്സാക്കിയിട്ടുണ്ട്.

ഇതോടെ നിക്ഷേപ പദ്ധതികൾ നിക്ഷേപകർക്കിടയിൽ കൂടുതൽ ആകർഷണീയമാകുമെന്നാണ് കെഎസ്എഫ്ഇ പ്രതീക്ഷിക്കുന്നത്. ബാങ്കുകൾ സ്ഥിര നിക്ഷേപത്തിനുള്ള പലിശ നിരക്കുകൾ കുത്തനെ കുറക്കുമ്പോൾ സ്ഥിര നിക്ഷേപ പലിശയെ ആശ്രയിക്കുന്നവരുടെ പ്രതീക്ഷയാകുകയാണ് കെഎസ്എഫ്ഇ നിക്ഷേപിക്കുന്ന തുകയ്ക്ക് 100% ഗവൺമെൻറ് ഗ്യാരൻറിയുമുണ്ട്.

# മൊത്തവില പണപ്പെരുപ്പം 13 മാസത്തെ ഏറ്റവും താഴ്ന്ന നിലയിൽ

**ന്യൂഡൽഹി:** ഏപ്രിലിൽ ഇന്ത്യയുടെ ചില്ലറ പണപ്പെരുപ്പത്തിനു പിന്നാലെ മൊത്തവില സൂചികയെ അടിസ്ഥാനമാക്കിയുള്ള വാർഷിക പണപ്പെരുപ്പവും കുറഞ്ഞു.

13 മാസത്തെ ഏറ്റവും താഴ്ന്ന നിലയായ 0.85 ശതമാനമാണ് ഏപ്രിലിൽ രേഖപ്പെടുത്തിയത്. ആഹാര സാധനങ്ങൾ, ഇന്ധനം, ചില നിർമിതവസ്തുക്കൾ എന്നിവയുടെ വിലയിലുണ്ടായ കുറവാണ് പണപ്പെരുപ്പം കുറച്ചത്.

മാർച്ചിലെ 2.05 ശതമാനത്തിൽ നിന്നാണ് ഈ കുറവുണ്ടായിരിക്കുന്നത്. കഴിഞ്ഞ വർഷം ഏപ്രിലിൽ 1.19 ശതമാനമാണ് രേഖപ്പെടുത്തിയത്. ഭക്ഷ്യ പണപ്പെരുപ്പം മാർച്ചിലെ 4.66 ശതമാനത്തിൽനിന്ന് ഏപ്രിലിൽ 2.55 ശതമാനമായി കുത്തനെ കുറഞ്ഞു.

മൊത്തവില സൂചികയെ അടിസ്ഥാനമാക്കി 2024 മാർച്ചിനുശേഷമുള്ള (0.53%) ഏറ്റവും താഴ്ന്ന നിരക്കാണ് ഏപ്രിലിലേത്. ഭക്ഷ്യവസ്തുക്കളുടെ വില കുറഞ്ഞതിനെത്തുടർന്ന് ഏപ്രിലിൽ ചില്ലറ പണപ്പെരുപ്പം ആറ് വർഷത്തിനിടയിലെ ഏറ്റവും കുറഞ്ഞ നിരക്കിലെത്തി.

മൊത്തവിലയിലെ ഇടിവിന് പ്രധാന കാരണം ഭക്ഷണസാധനങ്ങൾ, ഇന്ധന വിലകൾ കുറഞ്ഞതാണ്. മൊത്തത്തിൽ വിലയിൽ ഇപ്പോഴും നേരിയ വർധനയുണ്ടെങ്കിലും ആ വർധന വളരെ മന്ദഗതിയിലാണ്.

ഭക്ഷ്യോത്പന്നങ്ങളുടെ നിർമാണം, മറ്റ് ഉത്പാദനം, രാസവസ്തുക്കൾ, രാസവസ്തുക്കളുടെ നിർമാണം, ഗതാഗത ഉപകരണങ്ങളുടെ നിർമ്മാണം, യന്ത്രങ്ങളുടെയും ഉപകരണങ്ങളുടെയും നിർമാണം എന്നിവയുടെ വിലയിലുണ്ടായ വർധനയാണ് പണപ്പെരുപ്പത്തെ പോസിറ്റീവ് നിലയിൽ നിലനിർത്തിയത്.

ഭക്ഷ്യവസ്തുക്കൾ ഉൾപ്പെടുന്ന പ്രാഥമിക വസ്തുക്കളുടെയും അസംസ്കൃത പെട്രോളിയം, പ്രകൃതിവാതകം തുടങ്ങിയ ഭക്ഷ്യേതര വസ്തുക്കളുടെയും വില കഴിഞ്ഞ വർഷത്തേക്കാൾ കുറഞ്ഞു. ഈ വിഭാഗത്തിലെ പണപ്പെരുപ്പം നെഗറ്റീവ് ടെറിട്ടറിയിലേക്ക് താഴ്ന്നു.

മൊത്തവില സൂചികയുടെ ഏറ്റവും വലിയ ഭാഗമായ നിർമാണോത്പന്നങ്ങളുടെ വില ഏപ്രിലിൽ 2.62% വർധിച്ചു. മാർച്ചിൽ 0.76% വളർച്ച നേടിയ പ്രാഥമിക വസ്തുക്കളുടെ പണപ്പെരുപ്പം ഏപ്രിലിൽ 1.44% ആയി കുറഞ്ഞു.

രണ്ടു വർഷത്തിനിടെ ആദ്യമായാണ് ഇത്രയും ചുരുങ്ങുന്നത്. ഇന്ധനത്തിൻറെയും വൈദ്യുതിയുടെയും പണപ്പെരുപ്പം മാർച്ചിൽ 0.20% വളർച്ച നേടിയപ്പോൾ ഏപ്രിലിൽ 2.18% ആയി ചുരുങ്ങി.

## സൗജന്യ കെമാറ്റ് കോച്ചിങ് പരിശീലനം

**കൊച്ചി:** ഭാരതിയവിദ്യാഭവൻ ഭവൻസ് റോയൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മന്റിൽ കൊച്ചിൻ യൂണിവേഴ്സിറ്റി അംഗീകാരത്തോടെ നടത്തുന്ന MBA പ്രോഗ്രമിലേക്ക് ഒഴിവുള്ള സീറ്റിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. കെ മാറ്റ് സെഷൻ 2 രജിസ്റ്റർ ചെയ്തവർക്കും അപേക്ഷിക്കാം. സൗജന്യ കെ മാറ്റ് കോച്ചിങ്ങിനും കൂടുതൽ വിവരങ്ങൾക്ക് 8075500478, 8547147238, 9446974461 ബന്ധപെടുക.

## സൊമാറ്റോ തൊഴിലാളികളുടെ പ്രശ്നങ്ങൾ: റിപ്പോർട്ട് നൽകണമെന്ന് മനുഷ്യാവകാശ കമ്മീഷൻ

**കൊച്ചി:** ഭക്ഷണ വിതരണ ശൃംഖലയായ സൊമാറ്റോയിലെ തൊഴിലാളികൾ ഉന്നയിച്ചിരിക്കുന്ന തൊഴിൽ പ്രശ്നങ്ങൾ ലേബർ കമ്മീഷണർ തലത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാണ്ടർ തോമസ്.തൊഴിലാളികളുടെ അഭിപ്രായം ചോദിച്ച് പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും നിർദ്ദേശിക്കുന്ന തരത്തിലുള്ള സമഗ്രമായ റിപ്പോർട്ട് ലേബർ കമ്മീഷണർ രണ്ടുമാസത്തിനുള്ളിൽ സമർപ്പിക്കണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടു. നിയമസഭയിൽ അവതരിപ്പിക്കാൻ തയ്യാറാക്കുന്ന ബില്ലിനെകുറിച്ചുള്ള വിവരങ്ങൾ ലഭ്യമായാൽ അതും റിപ്പോർട്ടിനൊപ്പം ഹാജരാക്കണമെന്ന് ജസ്റ്റിസ് അലക്സാണ്ടർ തോമസ് നിർദ്ദേശിച്ചു.സൊമാറ്റോ തൊഴിലാളികൾ സമർപ്പിച്ച പരാതിയിലാണ് നടപടി. 15 മണിക്കൂർ വരെ നിർബന്ധിതമായി ജോലി ചെയ്യിപ്പിക്കുന്നുവെന്നാണ് പ്രധാന പരാതി.ജില്ലാ ലേബർ ഓഫീസറിൽ നിന്നും കമ്മീഷൻ റിപ്പോർട്ട് വാങ്ങി. രാവിലെ 9 നും രാത്രി 12 നുമിടയിലുള്ള സമയത്താണ് ഇവർ ജോലി ചെയ്യുന്നതെന്ന് റിപ്പോർട്ടിൽ പറയുന്നു. ഡെലിവറി ആപ്പിൽ ലോഗിൻ ചെയ്ത് ഇഷ്ടമുള്ള സമയത്ത് ജോലി ചെയ്താൽ മതിയാകും. ജോലി സമയം തൊഴിലാളികൾക്ക് തീരുമാനിക്കാം. 300 രൂപയുടെ ഇന്ധനം നിറച്ചാൽ 5 മണിക്കൂർ കൊണ്ട് 800 രൂപ വരുമാനം ലഭിക്കുമെന്ന് തൊഴിലാളികൾ പറഞ്ഞതായി റിപ്പോർട്ടിൽ പറയുന്നു. ജോലിയിൽ മാനസിക പീഡനങ്ങളോ ബുദ്ധിമുട്ടുകളോ തൊഴിലാളികൾ അറിയിച്ചിട്ടില്ല. പലരും പാർട്ട് ടൈം ജോലി ചെയ്യുന്നവരാണ്. സ്ഥിരം തൊഴിലാളികൾ കുറവാണെന്നും റിപ്പോർട്ടിൽ പറയുന്നു. അതേസമയം ഗുരുതരമായ പ്രശ്നങ്ങൾ പരാതിക്കാർ കമ്മീഷനെ അറിയിച്ചു. പുലർച്ചെ രണ്ടു മണി വരെ പലരും ജോലി ചെയ്യേണ്ടി വരുന്നതായും കമ്പനി പരിഷ്ക്കരിച്ച റേറ്റ് കാർഡിന്റെ സമയക്രമം കാരണം ഉറക്കമില്ലായ്മയും ശാരീരികപ്രശ്നങ്ങളും ഉണ്ടാകുന്നതായും പരാതിക്കാർ പറഞ്ഞു.

## ജെഎം ഫിനാൻഷ്യലിന് നാലാം പാദത്തിൽ 134.6 കോടി രൂപയുടെ അറ്റാദായം

**കൊച്ചി:** പ്രമുഖ ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനമായ ജെഎം ഫിനാൻഷ്യലിന് 2025 സാമ്പത്തിക വർഷം നാലാം പാദത്തിൽ 134.6 കോടി രൂപയുടെ അറ്റാദായം. മുൻ വർഷത്തെ 27.5 കോടി രൂപയേക്കാൾ അഞ്ചിരട്ടിയോളം അധികമാണിത്. ഓഹരി ഒന്നിന് 2.7 രൂപ വീതം ലാഭ വിഹിതമായി നൽകാനും കഴിഞ്ഞ ദിവസം ചേർന്ന ഡയറക്ടർമാരുടെ യോഗം തീരുമാനിച്ചു.

ഈ വർഷം പലിശയിലൂടെയുള്ള കമ്പനിയുടെ മൊത്ത വരുമാനം 23 ശതമാനം വളർന്ന് 250 കോടി രൂപയായിട്ടുണ്ട്. ജെഎം ഫിനാൻഷ്യൽ കൈകാര്യം ചെയ്യുന്ന മ്യൂച്വൽ ഫണ്ട് ആസ്തികൾ ഇരട്ടിയായി ഉയർന്ന് 13,419 കോടി രൂപയുടേതായി. കമ്പനി കൈകാര്യം ചെയ്യുന്ന സമ്പത്ത് 36 ശതമാനം വളർന്ന് 2,584 കോടി രൂപയായിട്ടുണ്ട്. ബോംബെ സ്റ്റോക്ക് എക്സ്ചേഞ്ചിൽ ജെഎം ഫിനാൻഷ്യൽ ഓഹരി വില 4 ശതമാനം വർധിച്ച് ഒരോഹരിക്ക് 115 രൂപ വരെയായി.

## സൗജന്യ തൊഴിലധിഷ്ഠിത കോഴ്സുകളുമായി ഫെഡറൽ ബാങ്ക്

**കൊച്ചി:** ഫെഡറൽ ബാങ്ക് നടത്തുന്ന തൊഴിലധിഷ്ഠിത പരിശീലന കോഴ്സുകളിൽ പങ്കെടുക്കാൻ അപേക്ഷ ക്ഷണിച്ചു. ഫിനാൻഷ്യൽ അക്കൗണ്ടിങ് ആന്റ് ടാലി പ്രൈം, സി എൻ സി മെഷീൻ ഓപ്പറേറ്റർ, വെൽഡിങ്, ജെറിയാട്രിക് കെയർ അസിസ്റ്റന്റ്, റെഫ്രിജറേഷൻ ആൻഡ് എ സി ടെക്നിഷ്യൻ, സ്പെഷ്യൽ ചിൽഡ്രൻ കെയർ എന്നീ കോഴ്സുകളിലാണ് പരിശീലനം നൽകുന്നത്. എംപ്ലോയബിലിറ്റി സ്കിൽസ് ട്രെയിനിങ്ങും കോഴ്സിന്റെ ഭാഗമായിരിക്കും.ബിബിഎ, ബികോം, എംകോം യോഗ്യതയുള്ള, 20നും 35നും ഇടയിൽ പ്രായമുള്ളവർക്ക് അപേക്ഷിക്കാം.മൂന്നരമാസമാണ് പരിശീല കാലാവധി. വാർഷിക കുടുംബ വരുമാനം അഞ്ച് ലക്ഷം രൂപയിൽ കവിയരുത്.കലൂരിലുള്ള ഫെഡറൽ സ്കിൽ അക്കാദമിയിലും അങ്കമാലിയിലെ ഡി പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് & ടെക്നോളജി ക്യാംപസിലുമാണ് ക്ലാസുകൾ നടക്കുന്നത്.രജിസ്റ്റർ ചെയ്യാനുള്ള ലിങ്ക്:https://forms.gle/3T8gWfrzY2eMNY8Tഅഅപേക്ഷ ലഭിക്കേണ്ട അവസാന തീയതി മെയ് 31.കൂടുതൽ വിവരങ്ങൾക്ക്: 9809627539, 8848481003, 9895756390 എന്നീ നമ്പറുകളിൽ രാവിലെ 10 മുതൽ വൈകീട്ട് നാലു വരെ ബന്ധപ്പെടാം.



# ടെസ്റ്റിംഗ് മേവൻസിന്റെ നവീകരിച്ച ഓഫീസ് ഇൻഫോപാർക്കിൽ

**കൊച്ചി:** അമേരിക്കയിലെ ന്യൂജേഴ്സി ആസ്ഥാനമായി പ്രവർത്തിക്കുന്ന ഐടി കമ്പനിയായ ടെസ്റ്റിംഗ് മേവൻസിന്റെ നവീകരിച്ച ഓഫീസ് കാർണിവൽ ഇൻഫോപാർക്കിൽ ഉദ്ഘാടനം ചെയ്തു. ഇൻഫോപാർക്ക് സിഇഒ സുശാന്ത് കുറുന്തിലാണ് നവീകരിച്ച ഓഫീസിൻറെ ഉദ്ഘാടനം നിർവഹിച്ചത്.അമേരിക്കൻ മലയാളികളായ ഫെബി ജോർജ്ജും ജയൻ ജോസഫും 2015 ലാണ് ടെസ്റ്റിംഗ് മേവൻസ് ആരംഭിച്ചത്. കമ്പനിയുടെ പ്രവർത്തന കേന്ദ്രവും വടക്കേ അമേരിക്ക തന്നെയാണ്. സോഫ്റ്റ് വെയർ ടെസ്റ്റിംഗാണ് കമ്പനി നൽകുന്ന പ്രധാന സേവനം. എൻഡ് ടു എൻഡ് ടെസ്റ്റിംഗ്, ടെസ്റ്റ് ഓട്ടോമേഷൻ, സ്പെഷ്യലൈസ്ഡ് ടെസ്റ്റിംഗ്, നോൺ ഫങ്ഷണൽ ടെസ്റ്റിംഗ്, ടെസ്റ്റിംഗുമായി ബന്ധപ്പെട്ട വിദഗ്ധോപദേശം, കൺസൽട്ടിംഗ് എന്നിവ ഇവർ പ്രദാനം ചെയ്യുന്നു.പുതിയ ഓഫീസ് സംവിധാനത്തിനൊപ്പം കമ്പനിയുടെ പ്രവർത്തന വിപുലീകരണം ഉടൻ നടക്കുമെന്ന് കമ്പനി ഡയറക്ടർ ഫെബി ജോർജ്ജ് പറഞ്ഞു. കേരളത്തിലെ മികച്ച സാങ്കേതികവൈദഗ്ധ്യമുള്ള തൊഴിൽ സമൂഹത്തിനോടുള്ള പ്രതിബദ്ധതയുടെ കൂടി ഭാഗമാണ് ഇൻഫോപാർക്കിലെ പുതിയ ഓഫീസ്. ടെസ്റ്റിംഗ് മേവൻസിൻറെ ആഗോളതലത്തിലുള്ള ഉപഭോക്താക്കൾക്കായി നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെയുള്ള ടെസ്റ്റിംഗ് സംവിധാനം, നൈപുണ്യവികസനം എന്നിവയാണ് ഇവിടെ ഒരുക്കിയിട്ടുള്ളത്.

പുതിയ ഓഫീസിൻറെ പ്രവർത്തനം തുടങ്ങിയതിൽ സംസ്ഥാന സർക്കാരിനോടും ഇൻഫോപാർക്ക് അധികൃതരോടുമുള്ള നന്ദി അറിയിക്കുന്നതായും ഫെബി ജോർജ്ജ് അറിയിച്ചു.നൂതനസാങ്കേതികവിദ്യയിൽ കൂടുതൽ നിക്ഷേപം നടത്താനും അതുവഴി നൈപുണ്യ വൈദഗ്ധ്യം വർധിപ്പിക്കാനും ടെസ്റ്റിംഗ് മേവൻസിന് പദ്ധതിയുണ്ട്.

# കേരളത്തിലെ വനിതാ സംരംഭകരെ ഉയർത്തിക്കാട്ടണം: ടൈ കേരള വിമൻ

**കൊച്ചി:** കേരളത്തിൽ താഴെ തട്ടിൽ നിന്നും ഉയർന്നുവന്ന വനിതാ സംരംഭകരായി ഒരാളെ പോലും എടുത്തുപറയാൻ ഇല്ലാത്ത അവസ്ഥയ്ക്ക് മാറ്റമുണ്ടാകണമെന്ന് കേരള സ്റ്റാർട്ടപ്പ് മിഷൻ സി ഇ ഒ അനൂപ് അംബിക പറഞ്ഞു. ടൈ വിമൻ കേരള സീസൺ 2025ലോഞ്ചിൽസംസാരിക്കുകയായിരുന്നു അദ്ദേഹം. എംപവർ, എലിവേറ്റ്, എക്സൽ എന്ന പ്രമേയത്തിലായിരുന്നു ടൈ വിമൻ സീസൺ ലോഞ്ച് സംഘടിപ്പിച്ചത്.കേരളത്തിൽ റജിസ്റ്റർ ചെയ്ത 6545 സ്റ്റാർട്ടപ്പുകൾ റജിസ്റ്റർ ചെയ്തതിൽ വനിതകൾക്ക് 51 ശതമാനം പങ്കാളിത്തമുള്ള 283 സ്റ്റാർട്ടപ്പുകൾ മാത്രമാണുള്ളതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. മികച്ച രീതിയിൽ പണം സമ്പാദിക്കാനുള്ള മാർഗ്ഗം ബിസിനസാണെന്നിരിക്കെ വനിതകൾ ഇതിലേക്ക് കടന്നു ചെല്ലാത്തതിന് പിന്നിൽ സാമൂഹികവും സാമ്പത്തികവുമായ കാരണങ്ങൾക്ക് പങ്കുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.നിരവധി സാധ്യതകൾ മുമ്പിലുള്ള മേഖല നേടിയെടുക്കണമെങ്കിലും എന്തെങ്കിലും ചെയ്യാൻ തീരുമാനിക്കുകയും അതിനായി മുന്നിട്ടറങ്ങുകയും പരാജയപ്പെടുമെന്ന ഭയം മാറ്റിവെക്കുകയും വേണമെന്നും അദ്ദേഹം പറഞ്ഞു.



പെൺകുട്ടികളുടെ രക്ഷിതാക്കൾ തങ്ങളുടെ സ്ഥലമോ സ്വത്തോ വിൽക്കാൻ തയ്യാറാകുന്നത് അവരുടെ വിവാഹത്തിന് വേണ്ടിയാണെന്നും ആൺകുട്ടികളുടെ രക്ഷിതാക്കൾ ഒരാൾ പോലും വിവാഹത്തിനായി ഇങ്ങനെ വിൽപ്പന നടത്താറില്ലെന്നും ഫോർട്ട് കൊച്ചി സബ് കലക്ടർ കെ മീര പറഞ്ഞു. ആൺകുട്ടികൾക്ക് പഠിക്കാനോ ബിസിനസിലേക്ക് നിക്ഷേപിക്കാനോ ആണ് സ്വത്ത് വിൽപ്പന നടത്താറുള്ളത്. പെൺകുട്ടികൾക്കും നിക്ഷേപത്തിനുള്ള മാർഗ്ഗങ്ങളാണ് കാണേണ്ടതെന്നും കെ മീര പറഞ്ഞു.പരാജയം ഭയക്കാതിരിക്കുകയും മുമ്പോട്ടു പോവുകയും ചെയ്താൽ വിജയം നേടാനാവുമെന്നും സബ് കലക്ടർ തന്റെ അനുഭവം മുൻനിർത്തി വിശദമാക്കി. എൻജിനിയറിംഗ് പഠനം പൂർത്തിയാക്കി ജോലി ചെയ്യുന്നതിനിടയിൽ സിവിൽ സർവീസിന് തയ്യാറെടുക്കാൻ തൊഴിൽ രാജിവെച്ചപ്പോൾ പലരും നിരുത്സാഹപ്പെടുത്തിയെന്നും അമ്മയാണ് പൂർണ പിന്തുണ നൽകിയതെന്നും കെ മീര പറഞ്ഞു. ഐ എ എസ് തയ്യാറെടുപ്പിൽ രണ്ടു തവണ പരാജയപ്പെട്ട തനിക്ക് മൂന്നാം തവണയാണ് വിജയിക്കാനായതെന്നും ആറാം റാങ്കോടെ വിജയം കൊയ്തെടുക്കാനായത് പരാജയപ്പെട്ടിട്ടും ശ്രമം തുടർന്നതുകൊണ്ടാണെന്നും അവർ വിശദീകരിച്ചു.

ടൈ വിമൻ കേരള ലീഡ് നിഷ ജോസ് പ്രവർത്തനങ്ങൾ വിശദീകരിച്ചു. ലേബർ സ്കിൽസ് ആനിമൽ ഹസ്ബന്ററി, ഡയറി ഡവലപ്മെന്റ് ആന്റ് സൂ സെക്രട്ടറി ഡോ. കെ വാസുകി ഓൺലൈനിൽ ടൈ വിമൻ കേരളയെ അഭിസംബോധന ചെയ്തു.വനിതാ സംരംഭകരെ പ്രോത്സാഹിപ്പിക്കാൻ കെ എസ് ഐ ഡി സി ഏഴര ശതമാനം പലിശ നിരക്കിൽ അരക്കോടി രൂപ വരെ വായ്പ നൽകുന്ന പദ്ധതി ഉപയോഗപ്പെടുത്താനാവുമെന്ന് ടൈ വിമൻ കേരള സീസൺ 2025 ലോഞ്ചിൽ വ്യക്തമാക്കി. മാനുഫാക്ചറിംഗ് മേഖലയിലുള്ളവർക്ക് ഈ സൗകര്യം ഉപയോഗിക്കാനാവും. ഓഡ്സ് ആന്റ് എൻഡ്സ് മാനേജിംഗ് ഡയറക്ടർ തങ്കം ജോസഫ്, ശേഷാദ്രി നാഥൻ സെക്യൂരിറ്റീസ് പ്രൈവറ്റ് ലിമിറ്റഡ് ഡയറക്ടർ ശേഷാദ്രിനാഥൻ കൃഷ്ണൻ എന്നിവർ വിവിധ വിഷയങ്ങളിൽ സംസാരിച്ചു.ടൈ കേരള പ്രസിഡന്റ് ജേക്കബ് ജോയ്, വൈസ് പ്രസിഡന്റ് വിവേക് കൃഷ്ണ ഗോവിന്ദ്, ടൈ കേരള വൈസ് പ്രസിഡന്റ് ഡെസിഗ്നേറ്റ് ഡോ. ജീമോൻ കോര, ടൈ വിമൻ കേരള ചാപ്റ്റർ കോ ലീഡ് ഡോ. ഇന്ദു നായർ, ടൈ കേരള അസോസിയേറ്റ് ഡയറക്ടർ ദിവ്യ തലക്കലാട്ട് എന്നിവർ പ്രസംഗിച്ചു.

# മുത്തൂറ്റ് ഫിനാൻസിന്റെ വായ്പാ ആസ്തികൾ ഒരു ലക്ഷം കോടി കടന്നു

**കൊച്ചി:** മുത്തൂറ്റ് ഫിനാൻസ് കൈകാര്യം ചെയ്യുന്ന സംയോജിത വായ്പ ആസ്തികൾ 37 ശതമാനം വാർഷിക വർധനവോടെ എക്കാലത്തേയും ഏറ്റവും ഉയർന്ന നിലയായ 1,22,181 കോടി രൂപയിലെത്തി. മുത്തൂറ്റ് ഫിനാൻസിൻറെ മാത്രം വായ്പകൾ 43 ശതമാനം വാർഷിക വർധനവോടെ എക്കാലത്തേയും ഏറ്റവും ഉയർന്ന നിലയായ 1,08,648 കോടി രൂപയിലെത്തിയതായി മുത്തൂറ്റ് ഫിനാൻസ് മാനേജിങ് ഡയറക്ടർ ജോർജ്ജ് അലക്സാണ്ടർ മുത്തൂറ്റ് പറഞ്ഞു.സംയോജിത അറ്റാദായം 20 ശതമാനം വാർഷിക വർധനവോടെ എക്കാലത്തേയും ഏറ്റവും ഉയർന്ന നിലയിൽ 5,352 കോടി രൂപയിലെത്തി. മുത്തൂറ്റ് ഫിനാൻസിൻറെ മാത്രം അറ്റാദായം 28 ശതമാനം വാർഷിക വർധനവോടെ എക്കാലത്തേയും ഏറ്റവും ഉയർന്ന നിലയിൽ 5,201 കോടി രൂപയിലും എത്തിയിട്ടുണ്ട്.കൈകാര്യം ചെയ്യുന്ന സ്വർണ പണയ വായ്പ ആസ്തികൾ 41 ശതമാനം വാർഷിക വളർച്ചയോടെ 1,02,956 കോടി രൂപയിലെത്തി. ബ്രാഞ്ചുകളിലെ ശരാശരി സ്വർണ പണയ വായ്പ ആസ്തികളും എക്കാലത്തേയും ഏറ്റവും ഉയർന്ന നിലയിൽ 21.21 കോടി രൂപയിലും എത്തിയിട്ടുണ്ട്. പുതിയ ഉപഭോക്താക്കൾക്കുള്ള സ്വർണ പണയ വായ്പ വിതരണവും ഏതൊരു വർഷത്തേയും അപേക്ഷിച്ച് ഉയർന്ന നിലയിൽ 17,99,767 ഉപഭോക്താക്കൾക്കായി 21,888 കോടി രൂപയായി ഉയർന്നു. പലിശ ശേഖരണത്തിൻറെ കാര്യത്തിലും ഏറ്റവും ഉയർന്ന നിലയിൽ 15,586 കോടി രൂപയെന്ന നില കൈവരിച്ചു. തങ്ങളുടെ ലോക്കറുകളിൽ 208 ടൺ സ്വർണം എന്ന റെക്കോർഡ് ശേഖരം ഉള്ളതായും കമ്പനി അറിയിച്ചു. ഓഹരി ഒന്നിന് 26 രൂപ എന്ന നിലയിൽ 260 ശതമാനം ലാഭ വിഹിതവും പ്രഖ്യാപിച്ചിട്ടുണ്ടെന്ന് മുത്തൂറ്റ് ഫിനാൻസ് ചെയർമാൻ ജോർജ് ജേക്കബ് മുത്തൂറ്റ് പറഞ്ഞു. മുത്തൂറ്റ് ഫിനാൻസിൻറെ മാത്രം വായ്പ ആസ്തികളും ഒരു ലക്ഷം കോടി രൂപയെന്ന നാഴികക്കല്ലു പിന്നിട്ട് 1,08,648 കോടി രൂപയിലെത്തി. വൈവിധ്യവൽകൃതമായ സാമ്പത്തിക സേവന ഗ്രൂപ്പായി ഉയരാനുള്ള തങ്ങളുടെ കാഴ്ചപ്പാടാണ് ഇതിലൂടെ പ്രതിഫലിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സ്വർണ പണയ വ്യവസായ മേഖലയിലെ വിശ്വസനീയ പങ്കാളി എന്ന സ്ഥാനം ഊട്ടിയുറപ്പിക്കുന്ന വിധത്തിൽ പുതിയ ഉപഭോക്താക്കൾക്കായി 21,888 കോടി രൂപ വിതരണം ചെയ്തു. സ്വർണ പണയ ബിസിനസിന് ഒപ്പം മറ്റു മേഖലകളും മികച്ച വളർച്ച കൈവരിച്ചതായും അദ്ദേഹം കൂട്ടിച്ചേർത്തു.

# സൗത്ത് ഇന്ത്യൻ ബാങ്കിന് 1303 കോടി രൂപയുടെ അറ്റാദായം




**കൊച്ചി:** 2024-25 സാമ്പത്തിക വർഷത്തിൽ 1303 കോടി രൂപയുടെ റെക്കോഡ് അറ്റാദായം രേഖപ്പെടുത്തി സൗത്ത് ഇന്ത്യൻ ബാങ്ക്. മുൻ വർഷത്തെ അപേക്ഷിച്ച് 21.75 ശതമാനമാണ് വർധനവ്. മുൻവർഷം ഇത് 1070.08 കോടി രൂപയായിരുന്നു. ബാങ്ക് കൈകാര്യം ചെയ്യുന്ന ആകെ ബിസിനസ് 1,95,104.12 കോടി രൂപയായി. ഓഹരി ഉടമകളുടെ അംഗീകാരത്തിനനുസൃതമായി 40 ശതമാനം ഡിവിഡന്റിന് ശുപാർശ ചെയ്തു. സാമ്പത്തിക വർഷത്തിലെ നാലാം പാദത്തിൽ 342.19 കോടി രൂപയാണ് അറ്റാദായം. 18.99 ശതമാനം വളർച്ചയാണ് രേഖപ്പെടുത്തിയത്. മുൻ വർഷം ഇതേ കാലയളവിൽ 287.56 കോടി രൂപയായിരുന്നു. ബാങ്കിന്റെ പ്രവർത്തന ലാഭം മുൻ വർഷത്തെ 1,867.67 കോടി രൂപയിൽ നിന്ന് 2,270.08 കോടി രൂപയായും വർധിച്ചു. 21.55 ശതമാനമാണ് വാർഷിക വളർച്ച.മൊത്ത നിഷ്ക്രിയ ആസ്തികൾ മുൻ വർഷത്തെ 4.50 ശതമാനത്തിൽ നിന്നും 130 പോയിന്റുകൾ കുറച്ച് 3.20 ശതമാനമാനത്തിലെത്തിച്ചു. അറ്റ നിഷ്ക്രിയ ആസ്തി 54 പോയിന്റുകൾ കുറച്ച് 1.46 ശതമാനത്തിൽ നിന്നും 0.92 ശതമാനമാനത്തിലെത്തിക്കാനും ബാങ്കിനു കഴിഞ്ഞു. അറ്റ പലിശ വരുമാനം 4.61 ശതമാനം വാർഷിക വളർച്ചയോടെ 3,485.64 കോടി രൂപയിലെത്തി. എഴുതിത്തള്ളൽ ഉൾപ്പെടുത്തിയുള്ള കിട്ടാകടങ്ങളുടെ നീക്കിയിരുപ്പ് അനുപാതം 593 പോയിന്റുകൾ വർധിച്ച് 85.03 ശതമാനമായി. ആസ്തി വരുമാന അനുപാതത്തിൽ 1.05 ശതമാനത്തിന്റെയും ഓഹരി വരുമാന അനുപാതത്തിൽ 12.90 ശതമാനത്തിന്റെയും വർധനവ് രേഖപ്പെടുത്തി. എഴുതിത്തള്ളലിനു പുറമെയുള്ള കിട്ടാകടങ്ങളുടെ നീക്കിയിരുപ്പ് അനുപാതം 310 പോയിന്റുകൾ വർധിച്ച് 71.77 ശതമാനമായി.റീട്ടെയ്ൽ നിക്ഷേപങ്ങൾ 7.17 ശതമാനം വളർച്ചയോടെ 1,04,749.60 കോടി രൂപയിലെത്തി. പ്രവാസി നിക്ഷേപം 6.42 ശതമാനം വർധിച്ച് 31,603 കോടി രൂപയിലെത്തി. മുൻ വർഷം ഈ കാലയളവിൽ 29,697 കോടി രൂപയായിരുന്നു. സേവിങ്സ് ബാങ്ക് നിക്ഷേപത്തിൽ 4.06 ശതമാനത്തോടെ 27,699.31 കോടി രൂപയിലെത്തി.

മൊത്ത വായ്പാ വിതരണം 8.89 ശതമാനം വളർച്ച കൈവരിച്ച് 80,426 കോടി രൂപയിൽ നിന്നും 87,578.52 കോടി രൂപയായി. കോർപറേറ്റ് വായ്പകൾ 12.82 ശതമാനം വാർഷിക വർധനയോടെ 32,084 കോടി രൂപയിൽ നിന്നും 36,198 കോടി രൂപയിലെത്തി. വൻകിട കോർപ്പറേറ്റ് വിഭാഗത്തിൽ 99.70 ശതമാനവും ഉയർന്ന റേറ്റിങ് (എ അല്ലെങ്കിൽ അതിനു മുകളിൽ) ഉള്ള അക്കൗണ്ടുകളാണ്. സ്വർണ വായ്പകൾ 15,513 കോടി രൂപയിൽ നിന്ന് 16,982 കോടി രൂപയായി. 9.47 ശതമാനമാണ് വാർഷിക വളർച്ച. ഭവനവായ്പ 54.97 ശതമാനം വാർഷിക വളർച്ചയോടെ 7,877 കോടി രൂപയിലെത്തി. വാഹന വായ്പ 24.32 ശതമാനം വാർഷിക വളർച്ചയോടെ 1,987 കോടി രൂപയിലെത്തി.'തുടർച്ചയായ ലാഭക്ഷമത, മികച്ച ആസ്തി ഗുണനിലവാരം, ഭദ്രമായ വായ്പാ പോർട്ട്ഫോളിയോ, ശക്തമായ റീട്ടെയിൽ നിക്ഷേപ അടിത്തറ എന്നിവയാണ് സൗത്ത് ഇന്ത്യൻ ബാങ്കിന്റെ ബിസിനസ് വളർച്ചയുടെ അടിസ്ഥാനം. നൂതന സാങ്കേതികവിദ്യ പരമാവധി പ്രയോജനപ്പെടുത്തുന്നതിനോടൊപ്പം ബാങ്കിന്റെ ഘടനാപരമായ പ്രവർത്തനങ്ങളെയും ശക്തമാക്കി ബിസിനസ് ലക്ഷ്യങ്ങൾ നേടിയെടുക്കും. കോർപറേറ്റ് വായ്പ, ഭവന വായ്പ, വാഹന വായ്പ, സ്വർണ വായ്പ തുടങ്ങി എല്ലാ വിഭാഗങ്ങളിലും ആസ്തി ഗുണമേന്മയിൽ ശ്രദ്ധകേന്ദ്രീകരിച്ചുള്ള വളർച്ച കൈവരിക്കാൻ കഴിഞ്ഞു. ഗുണമേന്മയുള്ള വായ്പാ വളർച്ചയിലൂടെ ലാഭക്ഷമത ഉറപ്പാക്കുക എന്ന തന്ത്രപ്രധാന ലക്ഷ്യത്തിലൂടെ നഷ്ടസാധ്യത കുറഞ്ഞ പുതിയ വായ്പകൾ വിതരണം ചെയ്യാനും കഴിഞ്ഞു' സൗത്ത് ഇന്ത്യൻ ബാങ്ക് എംഡിയും സിഇഒയുമായ പി ആർ ശേഷാദ്രി പറഞ്ഞു.ബാങ്കിന്റെ പൂർണ ഉടമസ്ഥതയിലുള്ള എസ്ഐബിഒഎസ്എല്ലിന്റെ സാമ്പത്തിക ഫലങ്ങൾ കൂടി ഉൾപ്പെട്ടതാണ് ബാങ്കിന്റെ ഈ സാമ്പത്തിക ഫലങ്ങൾ.

# കെഎംഎ വാർഷിക അവാർഡുകൾ ഇന്ന്

**കൊച്ചി:** കെഎംഎ വാർഷിക അവാർഡ് ദാന ചടങ്ങ് ഇന്ന് നടക്കും. കലൂർ ഗോകുലം കൺവൻഷൻ സെന്ററിൽ വൈകിട്ട് ആറിന് നടക്കുന്ന ചടങ്ങിൽ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ് മുഖ്യാതിഥിയാകും.

ഐ ടി ലീഡർഷിപ്പ് അവാർഡ്, മാനേജർ ഓഫ് ദി ഇയർ അവാർഡ്, എക്സലൻസ് അവാർഡ് എന്നിവയ്ക്ക് പുറമെ യങ് മാനേജേഴ്സ് കോണ്ടസ്റ്റും നടക്കുമെന്ന് കെഎംഎ പ്രസിഡന്റ് ബിബു പുന്നൂരാൻ, ഓണററി സെക്രട്ടറി ഡോ . അനിൽ ജോസഫ്, കെ എംഎ ആനൽ അവാർഡ്സ് ചെയർ കെ അനിൽവർമ എന്നിവർ അറിയിച്ചു.

# സ്ത്രീകൾക്ക് തൊഴിൽ പരിശീലനം

**കൊച്ചി:** തയ്യൽ, ഹാൻഡ് എംബ്രോയ്ഡറി, ക്രോഷെ എന്നിവയിൽ സ്ത്രീകൾക്ക് ഒരു മാസത്തെ കോഴ്സ് നൽകാൻ ഇസാഫ് ഫൗണ്ടേഷൻ. ആലുവയിലെ ഇസാഫ് ഫൗണ്ടേഷൻ ട്രെയിനിംഗ് സെന്ററിൽ മെയ് 19 മുതലാണ് ക്ലാസുകൾ ആരംഭിക്കുക. വിശദ വിവരങ്ങൾക്ക് വിളിക്കുക; 90726 00771

# റിലയൻസ് നിപ്പോൺ ലൈഫ് ഇൻഷുറൻസിന് 247 കോടി രൂപ ലാഭം

**കൊച്ചി:** റിലയൻസ് നിപ്പോൺ ലൈഫ് ഇൻഷുറൻസ് കമ്പനി കഴിഞ്ഞ സാമ്പത്തിക വർഷം 25 ശതമാനം വർധനവോടെ നികുതിക്ക് മുമ്പുള്ള ലാഭം 247 കോടി രൂപ കൈവരിച്ചു. എല്ലാ മേഖലകളിലും ശക്തമായ പ്രകടനം കാഴ്ചവെച്ചു കൊണ്ടാണ് കമ്പനിയുടെ ഈ മുന്നേറ്റം.

കമ്പനി കൈകാര്യം ചെയ്യുന്ന ആസ്തികൾ 9 ശതമാനം വാർഷിക വളർച്ചയോടെ 38,725 കോടി രൂപയിലെത്തി. പുതിയ ബിസിനസ് പ്രീമിയം 1,245 കോടി രൂപയിലും ആകെ പ്രീമിയം 5,711 കോടി രൂപയിലുമാണ് എത്തിയിട്ടുള്ളത്. നിയന്ത്രണ മാനദണ്ഡങ്ങൾ അനുശാസിക്കുന്നതിലും വളരെ ഉയർന്ന നിലയിൽ 235 ശതമാനം സോൾവൻസി അനുപാതവും കമ്പനി നിലനിർത്തുന്നുണ്ട്. ഉപഭോക്തൃ കേന്ദ്രീകൃത നീക്കങ്ങൾ മുഖ്യമായി കാണുന്ന കമ്പനി 98.9 ശതമാനമെന്ന ക്ലെയിം തീർപ്പാക്കൽ അനുപാതം നേടിയിട്ടുണ്ടെന്ന് 2025 മാർച്ച് 31ലെ കണക്കുകൾ സൂചിപ്പിക്കുന്നു. 68,793 സജീവ അഡ്വൈസർമാരാണ് കമ്പനിക്കുള്ളത്.അച്ചടക്കത്തോടെയുള്ള പദ്ധതികൾ നടപ്പാക്കൽ, ഉപഭോക്താവ് ആദ്യം എന്ന ചിന്താഗതി, ശക്തമായ അടിത്തറകൾ എന്നിവയാണ് തങ്ങൾക്ക് ലാഭക്ഷമത വർധിപ്പിക്കാൻ സഹായകമായ മുഖ്യ ഘടകങ്ങളെന്നും ഭാവിയിലേക്ക് അനുസൃതമായ, ഉപഭോക്തൃ കേന്ദ്രീകൃതമായ പദ്ധതികൾ അവതരിപ്പിക്കാൻ തങ്ങൾ പ്രതിജ്ഞാബദ്ധരാണെന്നും റിലയൻസ് നിപ്പോൺ ലൈഫ് ഇൻഷുറൻസ് കമ്പനി എക്സിക്യൂട്ടീവ് ഡയറക്ടറും സിഇഒയുമായ അഷീഷ് വോറ പറഞ്ഞു.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com